For Private Circulation Only

March 2024

അനുഗമിക്കുന്നവൻ

Vol.71

"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ.16:24)

No.3

സ്വയജീവിതവും ക്രിസ്തീയ ജീവിതവും

By Andrew Murray

"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24).

മത്തായി 16 -ാം അധ്യായം 13-ാം വാക്യത്തിൽ യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയശേഷം തന്റെ ശിഷ്യന്മാരോട് ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്ന് ചോദിച്ചു. അവർ ഉത്തരം പറയുമ്പോൾ, അവിടുന്ന് അവരോട്, എന്നാൽ നിങ്ങൾ എന്നെ ആര് എന്നു പറയുന്നു എന്ന് ചോദിച്ചു. 16-ാം വാക്യത്തിൽ ശീമോൻ പത്രോസ് ഉത്തരം പറഞ്ഞത്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രീസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോട് "ബർയോനാ ശീമോനെ നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്. നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു" (മത്തായ 16:16,17).

പിന്നെ 21-ാം വാക്യത്തിൽ നാം വായിക്കുമ്പോൾ, യേശു തന്റെ ശിഷ്യന്മാരോട് തന്റെ മരണത്തെക്കുറിച്ചു സംസാരിക്കുന്നു. 22-ാം വാക്യത്തിൽ പത്രോസിന്റെ പ്രതികരണം നാം വായിക്കുന്നു, പത്രോസ് അവിടുത്തെ വേറിട്ടു കൊണ്ട് പോയി, കർത്താവേ അത് അരുതേ; നിനക്ക് അങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ചു തുടങ്ങി. അവിടുന്ന് തിരിഞ്ഞു പത്രോസിനോടു, സാത്താനേ എന്നെ വിട്ടു പോ, നീ എനിക്ക് ഇടർച്ചയാകുന്നു, നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത് എന്ന് പറഞ്ഞു. പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞത്, ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (22 -24).

നാം പലപ്പോഴും കേൾക്കുന്ന അനുരജ്ഞനത്തിന്റെ ജീവിതവും, ചില ചോദ്യങ്ങളും ഉയർന്നു വരുന്നു. എന്താണ് ഇതിന്റെ അടിസ്ഥാനം? ദൈവമക്കൾ എന്ന പദവിയും അതിന്റെ മഹത്വവും വിട്ട് തങ്ങളുടെ ജീവിതത്തെ വ്യർത്ഥമായി ചെലവിടുകയും ഈ ലോകത്തിനടിമപ്പെട്ട് നഷ്ടമാക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ.

ഒരു പക്ഷെ മറ്റൊരു ചോദ്യം ഉയർന്നു വന്നേയ്ക്കാം. തെറ്റായി കണ്ടേയ്ക്കാവുന്ന ഒരു കാര്യം ജീവിതത്തിനെതിരായി വരുമ്പോൾ നമുക്ക് എന്തുകൊണ്ട് പരാജയപ്പെടുത്താൻ കഴിയുന്നില്ല? നാം ധാരാളം പ്രാർത്ഥിക്കുന്നു, ഉപവസിക്കുന്നു, നേർച്ചകൾ നേരുന്നു എന്നാൽ നാം ഇടകലർന്നു ജീവിക്കുന്നു വിഭാഗീയത വളരുന്നു, ശരിയായ വിശ്വാസമില്ലാതെ ജീവിക്കുന്നു.

അവരോട് രണ്ട് ചോദ്യങ്ങൾ ഉത്തരം ഒന്ന്; സ്വയം പ്രവർത്തിക്കുന്നു, എല്ലാറ്റിന്റെയും മൂലകാരണം. അതുകൊണ്ട്, ആരെങ്കിലും എന്നോട് ചോദിക്കുന്നുവെങ്കിൽ, ലോകമയത്വത്തിൽ നിന്നും മോചനം പ്രാപിപ്പാനുള്ള വഴി എന്ത്? ഉത്തരം സാദ്ധ്യമല്ല എന്നതായിരിക്കാം, "നിങ്ങൾ ഇതു ചെയ്യൂ, അഥവാ അത്, അല്ലെങ്കിൽ മറ്റൊരു കാര്യം". ഉത്തരം ഇങ്ങനെ, ഉയരത്തിൽ നിന്നൊരു പുതിയ ജീവിതം, ക്രിസ്തീയ ജീവിതം, സ്വയത്തെ എടുത്തു മാറ്റും, അത് സകലത്തെയും എടുത്തു മാറ്റി പുത്തൻ ജീവിതം തരും.

നാം എപ്പോഴും പുറത്തു നിന്നും അകത്തോട്ട് സഞ്ചരിക്കുന്നവരാണ്; ഇതുതന്നെ ഇവിടെ നമുക്കു ചെയ്യാം. നമുക്ക് വേദഭാഗത്തിലെ ഒരു വാക്ക് പരിഗണിക്കാം, സ്വയം യേശു പത്രോസിനോട് പറഞ്ഞു, "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ".

ഇതാണ് ശിഷ്യന്റെ അടയാളം. ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം തന്നെത്താൻ ത്യജിക്കുക, അപ്പോൾ എല്ലാം ശരിയാകും. പത്രോസ് ഒരു വിശ്വാസിയായിരുന്നു, ഒരു വിശ്വാസി പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെട്ടു നടത്തപ്പെടുന്നവനാണ്. അവൻ ഒരുത്തരം നൽകി, കർത്താവിനെ അതിശയിപ്പിക്കുകയാണ്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു". അതിൽ അസാധാരണമായി ഒന്നും ഇല്ല എന്ന് ചിന്തിക്കരുത്. നാം ചോദ്യോത്തര രീതി പഠിക്കുന്നു, പത്രോസ് അങ്ങനെയല്ല ചെയ്തത്. പരിശുദ്ധാത്മാവ് ആണ് അവനെ പഠിപ്പിച്ചത് എന്ന് ക്രിസ്തു കണ്ട് അവനോട് പറഞ്ഞു, "ബർയോനാ ശീമോനെ നീ ഭാഗ്യവാൻ".

കുറിക്കൊൾക, പത്രോസിന്റെ ജീവിതത്തിൽ ജഡിക മനുഷ്യൻ ഇപ്പോഴും എത്ര ശക്തിമത്താണ്. ക്രിസ്തു അവന്റെ ക്രൂശിനെക്കുറിച്ചു സംസാരിക്കുന്നു, പത്രോസ് ദൈവത്തിന്റെ മഹത്വത്തെ കുറിച്ചു കാണുന്നു, "നീ ദൈവത്തിന്റെ പുത്രൻ" ക്രൂശും കർത്താവിന്റെ മരണവും പത്രോസിന്റെ ചിന്തയിലേയില്ല. തന്റെ സ്വന്തം ചിന്താഗതിയിലെ ഉറപ്പിൽ നിന്നും താൻ പറയുന്നു ഒരിക്കലും ഇല്ല, കർത്താവേ! നിനക്ക് ഒരിക്കലും അങ്ങനെ സംഭവിക്കരുതേ. അങ്ങ് ക്രൂശിക്കപ്പെടുവാനോ മരിക്കുവാനോ പാടില്ല.

ഇതിൽ കർത്താവിന് തന്നെ ശാസിക്കേണ്ടി വന്നു. സാത്താനേ എന്നെ വിട്ടു പോ, നീ എനിക്കു ഒരു തടസമാണ്, നീ ദൈവത്തിൽ നിന്നുള്ളതല്ല ചിന്തിക്കുന്നത്, എന്നാൽ അത് മനുഷ്യരുടേ

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

തത്രേ". മറ്റൊരു വിധത്തിൽ പറഞ്ഞാൽ പത്രോസ് ഒരു ജഡികമനുഷ്യനായി സംസാരിക്കുന്നു, പരിശുദ്ധാത്മാവ് പഠിപ്പിച്ചതല്ല സംസാരിക്കുന്നത്.

അപ്പോൾ ക്രിസ്തു ഗൗരവത്തോടുകൂടെ സംസാരിക്കുകയാണ്. " ഓർക്കുക, ഞാൻ മാത്രമല്ല മരിക്കേണ്ടത്, നീയും കൂടെ ഒരുവൻ എന്റെ ശിഷ്യനായിരിക്കേണം എങ്കിൽ അവൻ തന്നെത്താൻ ത്യജിക്കേണം, അവൻ തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കേണം".

ഒരു വാക്ക് നമുക്ക് ഓർക്കാം, സ്വയം. നാം പഠിച്ചു അറിഞ്ഞിരിക്കേണ്ടത് സ്വയം എല്ലാ തോൽവികൾക്കും കാരണമാണെന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്, വിടുതലിനായി കർത്താവിങ്കലേക്ക് പോകുവാൻ നാം ഒരുങ്ങേണ്ടതാണ്.

സ്വയ ജീവിതത്തിന്റെ സ്വഭാവം

നമുക്ക് ചിന്തിക്കാം, ആദ്യമായി, ഈ സ്വയ ജീവിതത്തിന്റെ സ്വഭാവം, ഇതിന്റെ പ്രവർത്തിയെക്കുറിച്ച് ചിന്തിക്കുകയും ചോദ്യം ചോദിക്കുകയും ചെയ്യാം. എങ്ങനെ നമുക്ക് ഇതിൽ നിന്നും വിടുതൽ പ്രാപിക്കാം. സ്വയം എന്നത് ദൈവം മനുഷ്യന് നൽകിയ ബുദ്ധിപരമായ കഴിവാണ്. സ്വയം എന്നത് സൃഷ്ടിക്കപ്പെട്ട ഒരു ജീവിയുടെ പ്രധാനപ്പെട്ട ഒരു അനുഭവമാണ്.

എന്തിനാണ് ദുതൻമാർക്കും മനുഷ്യർക്കും ദൈവം സ്വയത്തെ നൽകിയത്? ഒഴിഞ്ഞ പാത്രം പോലെ ദൈവകരങ്ങളിൽ സമർപ്പിക്കുവാനും അവർക്കു വേണ്ടി ജീവൻ നൽകേണ്ടതിനുമാണ്. ദൈവം എനിക്ക് സ്വയം തീരുമാനമെടുക്കുവാനുള്ള ശക്തിയും, ആ ശക്തി തിരികെ ദൈവത്തിനും കൊടുത്തു, ഓരോ ദിവസവും ഞാൻ പറയും, അതു ദൈവമേ എന്നിൽ പ്രവർത്തിക്കേണമേ, ഞാൻ എന്നെ വിട്ടു അവിടുത്തെ കരങ്ങളിൽ തന്നു". ദൈവം ആവശ്യപ്പെടുന്ന പാത്രമായി, ദൈവം അതിൽ തന്റെ ദിവ്യ നിറവുകളുടെ സൗന്ദര്യം പകർന്നു, അവിടുത്തെ ജ്ഞാനത്തിന്റെയും ശക്തിയുടെയും നിറവുകളും പകർന്നു നൽകുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചു, സൂര്യനെ, ചന്ദ്രനെ, നക്ഷത്രങ്ങളെ, വൃക്ഷങ്ങളെ, പൂക്കളെ, തന്റെ ജ്ഞാനത്തെ വെളിപ്പെടുത്തുവാൻ വേണ്ടി പുല്ലും സൗന്ദര്യവും, നന്മകളും അതിന്മേൽ ചൊരിഞ്ഞു. മനുഷ്യർ എന്തു ചെയ്യുന്നു എന്ന് അറിയാതെ അത് ചെയ്യുന്നു.

ദൈവം ദൂതന്മാരെ സ്വതന്ത്ര ചിന്തയുള്ളവരായി സൃഷ്ടിച്ചു. അവർ ദൈവത്തിന് തങ്ങളെ തന്നെ സമർപ്പിച്ചു, ദൈവം അവരെ നിറയ്ക്കേണ്ടതിന് ആഗ്രഹിച്ചു. എന്നാൽ! ദൈവം ഏല്പിച്ചത് ചെയ്യുവാൻ അവർക്കു കഴിഞ്ഞില്ല. അവരുടെ തലവൻ തന്നിലേയ്ക്ക് തന്നെ നോക്കുവാൻ തുടങ്ങി. അവൻ ചിന്തിച്ചു, തന്റെ സൃഷ്ടിയിലെ ശ്രേഷ്ടത തന്നിലേക്കു തന്നെ നോക്കുവാൻ കാരണമാക്കി. അവൻ ചിന്തിക്കുവാൻ തുടങ്ങി. "ഞാൻ പലപ്പോഴും ദൈവത്തിന്റെ മുഖത്തേയ്ക്കു നോക്കുന്നതെന്തിന്?

അവൻ തന്നെത്താൻ ഉയർത്തി, അഹങ്കരിച്ചിട്ട് ദൈവത്തിൽ നിന്നും വേർ പാട് ആഗ്രഹിച്ചു. ആ നിമിഷം വന്നു, അപ്പോൾ സ്വർഗ്ഗത്തിലെ ദൂതൻ എന്നതിന് പകരം, നരകത്തിലെ പിശാച് ആയിത്തീർന്നു.

(ശേഷം 3-ാം പേജിൽ)

കർത്താവിൽ പ്രിയരേ,
യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങളുടെ നടപ്പും പ്രവൃത്തികളും നന്നാക്കുവിൻ. എന്നാൽ ഞാൻ നിങ്ങളെ ഈ സ്ഥലത്തു വസിക്കുമാറാക്കും" (യിരെ. 7:3)

2024 ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നു പോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തിലെ കഷ്ടതയും സങ്കടവും കണ്ണുനീരുമെല്ലാം ദൈവം കാണുന്നു. അഗ്നിജ്വാലക്കൊത്ത കണ്ണുള്ള ദൈവം നമ്മുടെ ഹൃദയത്തെയും അന്തരംഗങ്ങളെയും ശോധന ചെയ്യുന്നു. നാം നടക്കേണ്ടുന്ന വഴിയിൽ കൂടെ നമ്മെ ദൈവം നടത്തുന്നു. ദൈവം നിങ്ങൾക്ക് പുതിയ വഴികൾ തുറന്നു നൽകട്ടെ. അടഞ്ഞവാതിലുകൾ ദൈവം തുറന്നു നമ്മെ വാഗ്ദത്ത നിവർത്തിയിലേക്ക് നയിക്കട്ടെ. ഭയപ്പെടാതെ ഭ്രമിച്ചുപോകാതെ മുന്നോട്ട് പോകാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

നമ്മുടെ കഷ്ടതകളിൽ മനുഷ്യർ മാറിപ്പോകാം. കണ്ടിട്ട് കണ്ടില്ലെന്നു നടിച്ചേക്കാം. ദൈവം നമ്മെ കാണുകയും അറിയുകയും ചെയ്യുന്നതുപോലെ നമുക്ക് ചുറ്റുമുള്ളവരെ കാണാനുള്ള കണ്ണും തിരിച്ചറിയാനുള്ള ഹൃദയവും നമുക്ക് ഉണ്ടാകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

നാം അറിയുന്നതുപോലെ ആ ഭീകരമായ കഥ അങ്ങനെ സംഭവിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചു, ,സാത്താൻ പാമ്പിന്റെ രൂപത്തിൽ ഹവ്വായുടെ അടുക്കൽ വന്നു, ഞാൻ ദൈവം ആകുന്നു എന്ന ചിന്തയോടെ സ്വതന്ത്ര സ്വയ ചിന്തയാൽ, നന്മ തിന്മകളെക്കുറിച്ചുള്ള അറിവോടുകൂടി. അവളോടു സംസാരിക്കുമ്പോൾ, നരകത്തിന്റെ അഹങ്കാരത്തിന്റെ വിഷമേറിയ വാക്കുകൾ അവളോടു പറഞ്ഞു. തന്റെ ദുഷ്ടാത്മാവിനാൽ, അപകടകരമായ, നരകത്തിന്റെ വിഷം മനുഷ്യകുലത്തിൽ പ്രവേശിച്ചു. ഈ ശപിക്കപ്പെട്ട സ്വയത്തിന്റെ ശക്തി നമുക്ക് നമ്മുടെ ആദ്യ മാതാപിതാക്കളിലൂടെ നമുക്ക് ലഭിക്കുവാനിടയായി.

മനുഷ്യകുലത്തിൽ പ്രവേശിച്ച ആ നാശകരമായ സ്വയം, ലോകത്തിന്റെ നാശത്തിന് കാരണമായിത്തീർന്നു. എല്ലാ പാപങ്ങൾക്കും അത് കാരണമായി, അന്ധകാരം ഭൂമിയെ മൂടി, എല്ലാ അനുസരണക്കേടും നാശവും ലോകത്തിൽ കടുന്നു കൂടി. എണ്ണമില്ലാത്ത നിത്യയുഗം, സ്വയത്താലുണ്ടായ ശാപം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റി. ക്രിസ്തു എന്താണ് നമുക്കു ചെയ്തിരിക്കുന്നത് എന്ന് പൂർണ്ണമായി നാം അറിയേണം, ദൈവത്തിന്റെ വഴികളെ പഠിക്കേണം, എന്നിട്ട് സ്വയത്താൽ ശാപത്തിൽ നിന്നും വിടുതൽ എടുക്കേണം.

സ്വയത്തിന്റെ പ്രവർത്തികൾ

എന്താണ് സ്വയത്തിന്റെ പ്രവർത്തികൾ? ധാരാളം എനിക്ക് പറയാനുണ്ട് എങ്കിലും നാം സാധാരണയായി തുടർച്ചയായി ഉപയോഗിക്കാറുള്ള ചില പദങ്ങൾ ശ്രദ്ധിക്കാം. സ്വന്ത ഇഷ്ടം, സ്വന്തം ഉറപ്പ്, സ്വയം പുകഴ്ത്തൽ. സ്വന്തം ഇഷ്ടം എന്നത് മനുഷ്യകുലത്തിലെ ഒരു വലിയ പാപമാണ്. സ്വന്തം ഇഷ്ടം മനുഷ്യകുലത്തിൽ ധാരാളം നാശനഷ്ടങ്ങൾ വരുത്തിവച്ച പാപമാണ്.

എന്തു കൊണ്ടാണ് മനുഷ്യൻ തന്നെത്താൻ പുകഴ്ത്തുന്നതും സ്വന്തം ഇഷ്ട പ്രകാരം കാര്യങ്ങൾ ചെയ്യുന്നതും മനുഷ്യൻ മനസ്സിലാക്കുന്നില്ല. ഒരു ക്രിസ്ത്യാനി സ്വന്ത ഇഷ്ടം മുറുകെ പിടിക്കുന്നവനല്ല, എന്നാൽ എപ്പോഴും ദൈവത്തിന്റെ ഇഷ്ടം അന്വേഷിക്കുന്നവൻ, ദൈവത്തിന്റെ ആത്മാവ് അവനിൽ വസിക്കുന്നവനുമാണ്. " ദൈവമേ, ഇതാ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു " (എബ്രാ. 10:9). ആയിരക്കണക്കിന് ക്രിസ്ത്യാനികൾ സ്വയം പുകഴ്ത്തികൊണ്ട്, സന്തോഷത്തോടെ, സുഖമായി ജീവിക്കുന്നു. ദൈവിക അനുഗ്രഹങ്ങളെ നഷ്ടമാക്കുന്ന അനുഭവമാണെന്ന് അവർ അറിയുന്നില്ല. യേശു പത്രോസിനോട് പറഞ്ഞു, " " പത്രോസേ നിന്നെത്തന്നെ തൃജിക്കുക ". അത് ചെയ്യുന്നതിന് പകരം " ഞാൻ എന്റെ കർത്താവിനെ തൃജിക്കും. എന്നാൽ അവൻ അങ്ങനെ പറഞ്ഞില്ല. എന്നാൽ ക്രിസ്തു തന്റെ അവസാന രാത്രിയിൽ പറഞ്ഞു, " നീ എന്നെ തള്ളിപ്പറയും", അവൻ അങ്ങനെ ചെയ്തു. ഇതിന്റെ കാരണമെന്ത്? സ്വന്തമഹത്വം. ഒരു വേലക്കാരി സ്ത്രീ പറഞ്ഞ വാക്കിന്റെ മുമ്പിൽ താൻ ഭയന്നുപോയി. മൂന്നു പ്രാവശ്യം അവൻ പറഞ്ഞു, " ഞാൻ അവനെ അറിയുന്നില്ല", അവൻ ക്രിസ്തുവിനെ തൃജിച്ചു.

ഇത് ചിന്തിക്കുക! എന്നാൽ പത്രോസ് കയ്പോടെ കരഞ്ഞു. ഇത് ഒരു തെരഞ്ഞെടുപ്പിൻ വേളയാണ്, സ്വയം, വെറുക്കപ്പെട്ട, ശപിക്കപ്പെട്ട സ്വയവും വാഴ്ത്തപ്പെട്ട ദൈവപുത്രനും. പത്രോസ് സ്വയത്തെ തെരഞ്ഞെടുത്തു. പത്രോസ് ചിന്തിച്ചു, സ്വയത്തെ തൃജിക്കേണ്ടതിന് പകരം ഞാൻ യേശുവിനെ തൃജിച്ചു. എന്തൊരു തെരഞ്ഞെടുപ്പാൻ ഞാൻ ചെയ്തത് എന്നാൽ പത്രോസ് കൈപ്പോടെ കരഞ്ഞു.

വിശ്വാസിയേ, യേശുവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ നിങ്ങളുടെ സ്വന്തം ജീവിതത്തിലേയ്ക്ക് നോക്കുക. കർത്താവിൽ നീ സ്വയമഹത്വവും സ്വയപുകഴ്ചയും കാണുന്നുണ്ടോ? ഇത് ഓർക്കുക, ഓരോ നിമിഷവും നീ നിന്നെത്തന്നെ പുകഴ്ത്തുന്നു, യേശുവിനെ തൃജിക്കുന്നു. ഇത് രണ്ടിൽ ഒന്ന് ആണ്. നിന്നെത്തന്നെ തൃജിച്ച് ദൈവത്തിന് മഹത്വം കൊടുക്കേണം, അല്ലെങ്കിൽ നിന്നെ പുകഴ്ത്തി യേശുവിനെ തൃജിക്കേണം.

അപ്പോൾ, സ്വയം ഉറപ്പ്, സ്വയം ആശ്രയം, സ്വന്തം കഴിവുകൾ, സ്വയത്തിലുള്ള ആശ്രയം എന്നിവയെ പിന്തു

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ടരുക. എന്താണ് യേശുവിനെ ത്യജിക്കുവാൻ പത്രോസിനെ പ്രേരിപ്പിച്ചത്. യേശു അവന് താക്കീത് നൽകി; എന്തുകൊണ്ടാണ് അവൻ താക്കീത് ലംഘിച്ചത്? സ്വയം ഉറപ്പ്. അവൻ വളരെ ഉറപ്പുള്ളവനായിരുന്നു, "കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു. മൂന്നു വർഷം ഞാൻ നിന്നെ പിന്തുടർന്നു. ഞാൻ ജയിലിൽ പോകുവാനും മരിക്കുവാനും ഒരുങ്ങിയിരിക്കുന്നു. ഇതാണ് സ്വയം ഉറപ്പ്.

പലപ്പോഴും ആളുകൾ എന്നോടു ചോദിക്കും, "എന്തുകൊണ്ടാണ് ഞാൻ പരാജയപ്പെടുന്നത്? ആത്മാർത്ഥമായി ഞാൻ ആഗ്രഹിച്ചു, ആത്മാർത്ഥമായി പ്രാർത്ഥിച്ചു, ദൈവത്തിന്റെ ഇഷ്ടത്തിനായി ജീവിച്ചു". പൊതുവായി എന്റെ ഉത്തരം " നീ നിന്നിൽ തന്നെ ആശ്രയിച്ചു".

അവർ എന്നോട് ഉത്തരം പറയാറുണ്ട്: " ഇല്ല, അങ്ങനെയല്ല; ഞാൻ നല്ലവനല്ല എന്ന് ഞാൻ അറിയുന്നു; ദൈവം എന്നെ സംരക്ഷണ ചെയ്യുവാൻ ആഗ്രഹിക്കുന്നു; ഞാൻ യേശുവിൽ ആശ്രയിക്കുന്നു".

ഞാൻ അവരോട് പറഞ്ഞു, "ഇല്ല, എന്റെ സഹോദരാ, നിങ്ങൾ യേശുവിൽ ആശ്രയിക്കുന്നു എങ്കിൽ നിങ്ങൾ വീഴുകയില്ല. എന്നാൽ നിങ്ങൾ നിങ്ങളിൽ തന്നെ ആശ്രയിക്കുന്നു ". ഞാൻ വിശ്വസിക്കുന്നു, ക്രിസ്തീയ ജീവിതത്തിന്റെ പരാജയം ഇതല്ലാതെ മറ്റൊന്നുമല്ല. കർത്താവിൽ ആശ്രയിക്കേണ്ടതിനു പകരം സ്വന്തം ജീവിതത്തിൽ ആശ്രയിക്കുന്നു. ദൈവത്തിന്റെ ബലത്തിൽ ആശ്രയിക്കേണ്ടതിന് പകരം സ്വന്തം ബലത്തിൽ ആശ്രയിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത്, " ഈ സ്വയത്തെ ത്യജിക്കണം".

അടുത്തതായി സ്വയത്തിന്റെ പ്രവർത്തികളിൽ ചിന്തിക്കുന്നത് സ്വയം ഉയർച്ചയാണ്. അതെ, ക്രിസ്ത്തീയ ലോകത്തിൽ അഹങ്കാരവും അസൂയയും എത്ര കണ്ട് നിറഞ്ഞിരിക്കുന്നു. എത്ര സ്പർശിയായ കാര്യങ്ങളാണ് നമ്മെക്കുറിച്ചു പറയുന്നതും ചിന്തിക്കുന്നതും. മനുഷ്യന്റെ സ്തുതിയും പുകഴ്ചകളും ആഗ്രഹിക്കുന്നതിനെക്കാൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കേണം, "ഞാൻ ദൈവത്തിന് മഹത്വം കൊടുക്കുന്നുണ്ടോ? യേശു ചോദിച്ചു, തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങികൊണ്ട് ഏക ദൈവത്തിന്റെ പക്കൽ നിന്നു ള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും? (യോഹ. 5:44). മറ്റുള്ളവരിൽ നിന്നും മഹത്വം വാങ്ങികൊണ്ടുള്ള വിശ്വാസ ജീവിതം അസാദ്ധ്യം, ഈ സ്വയം പിശാചിൽ നിന്നും വരുന്നു. ഇതു നമ്മെ ദൈവത്തിൽ നിന്നും അകറ്റി നാശത്തിലേയ്ക്ക് കൊണ്ടുപോകും.

പാവനമായ ഒരു വച്ചുമാറ്റം

അടുത്തതായി മൂന്നാമത്തെ പോയിന്റിലേക്ക് വരുന്നു. ഇതിൽ നിന്നും ഒരു മോചനം എങ്ങനെ? യേശു ഈ വേദഭാഗത്തിലൂടെ ഉത്തരം പറയുന്നു: " ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ. നന്നായി കുറിക്കൊൾക. ഞാൻ എന്നെത്തന്നെ ത്യജിച്ചു യേശുവിനെ എന്റെ ജീവിതത്തിൽ ഞാൻ ഏറ്റുകൊള്ളണം. ഞാൻ തെരഞ്ഞെടുക്കണം. രണ്ടുവിധം ജീവിതങ്ങളുണ്ട്. സ്വയജീവിതവും ക്രിസ്തു ജീവിതവും. രണ്ടിൽ ഒന്ന് ഞാൻ തെരഞ്ഞെടുക്കണം. " എന്നെ അനുഗമിക്ക", കർത്താവു പറയുന്നു, എന്നെ നിന്റെ ജീവിതത്തിന്റെ പ്രമാണമാക്കുക, നിന്റെ ഇടപെടലുകളുടെ പ്രമാണം. നിന്റെ മുഴു ഹൃദയവും എനിക്ക് തരിക.ഞാൻ നിന്നെ പരിപാലിക്കും.

അതെ, കൂട്ടുകാരെ, പാവനമായ ഒരു വച്ചുമാറ്റം ഇവിടെ തയ്യാറായിരിക്കുന്നു. സ്വയവും അതിന്റെ അഹങ്കാരങ്ങളും വന്നു കാണുക, അതിന്റെ അപകടങ്ങളും അറിയുക, അതിന്റെ ദുഷ്ടതയേയും അറിയുക, ദൈവത്തിന്റെ മുമ്പിൽ നിങ്ങളെത്തന്നെ ഏല്പിച്ച് പറയുക, " ഞാൻ എന്റെ സ്വന്ത ജീവിതത്തെ ത്യജിക്കുന്നു, അങ്ങയുടെ ജീവിതം എന്റേതായി ഏറ്റെടുക്കുന്നു ".

സ്വയം ഉപേക്ഷിക്കാതെ മറുപടിയില്ലാത്ത പ്രാർത്ഥന തുടരുന്നതിന്റെ കാരണം എന്താണ്. നിങ്ങൾ ചോദിക്കും, " ഈ സ്വയ ജീവിതത്തിൽ നിന്നും എന്നെ ഒരു മോചനം പ്രാപിക്കും ".

ഉപമ നിങ്ങൾക്ക് അറിയാമല്ലോ - ബലവാനായ മനുഷ്യൻ തന്റെ ഭവനത്തെ മറ്റൊരുവന്റെ കയ്യിൽ നിന്നും വീണ്ടെടുത്തു,. അടിച്ചുവാരി എല്ലാം ഭംഗിയാക്കി, എന്നാൽ അത് ഒഴിഞ്ഞു കിടന്നു, എന്നാൽ തന്നെക്കാൾ ബലമേറിയ ഏഴു പേരെ കൂട്ടി അവൻ വീട്ടിലേയ്ക്ക് തിരികെ വന്നു, ആ വീടിന്റെ സ്ഥിതി പഴയതിലും മോശമായി തീർന്നു (ലൂക്കോ. 11:21,22). ക്രിസ്തുവിനെ ആ വീട്ടിൽ പാർക്കുവാൻ അനുവദിച്ചിരുന്നു എങ്കിൽ, സ്വയത്തെ പുറത്താക്കി എത്ര നന്നായിരുന്നേനേ. ഈ സ്വയം നമ്മിൽ അവസാനത്തോളം വസിക്കുവാനാഗ്രഹിക്കുന്നു.

അപ്പോസ്തലനായ പൗലൊസിനെ ഓർക്കു, താൻ സ്വർഗ്ഗീയ ദർശനം കണ്ടു, താൻ തന്നെത്തന്നെ താഴ്ത്തി, ജഡത്തിലെ ശൂലം തന്നെ താഴ്മയുള്ളവനാക്കി (2കൊരി. 12:2-9). തന്നെതന്നെഉയർത്തുവാനുള്ള ഒരു ഭാവം തന്നിലുണ്ടായിരുന്നു, അതു പ്രകൃതിദത്തമായിരുന്നു. അത് തന്നെ കീഴ്പെടുത്തുമായിരുന്നു, തന്നെ ഭയപ്പെടുന്ന തന്നെ സ്നേഹിക്കുന്ന തന്റെ ദാസനെ ദൈവം തന്റെ വിശ്വസ്തതയാൽ കാത്തു സൂക്ഷിച്ചു. കർത്താവായ യേശുവിന് തന്റെ ശക്തിയാൽ കഴിയും, അവിടുന്ന് നമ്മെ പരിപാലിച്ച് തന്റെ മഹത്വമുള്ള രാജ്യത്തിലേക്ക് നമ്മെ ഉയർത്തും. കർത്താവായ യേശു നമ്മിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. അവിടുന്ന് നമ്മെതന്നെ അനുഗമിക്കുവാൻ പഠിപ്പിച്ച് നമ്മുടെ ഹൃദയവും നമ്മുടെ ജീവിതവും തന്റേതാക്കിത്തീർക്കുന്നു. അവിടുന്നു എന്നും എപ്പോഴും ആത്മാക്കളുടെ വെളിച്ചമായിരിക്കുന്നു.

ഇനി നമുക്ക് അപ്പോസ്തലനായ പൗലൊസ് എന്തു പറയുന്നു എന്ന് നോക്കാം. "ഞാനല്ല ക്രിസ് തുവത്രേ എന്നിൽ ജീവിക്കുന്നു" (1കൊരി. 2:20). രണ്ടു സത്യങ്ങൾ ഒരുമിച്ച് പോകുന്നു. ആദ്യമായി ഞാനല്ല അടുത്തതായി ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു.

പത്രോസിനെ വീണ്ടും നോക്കാം. ക്രിസ്തു അവനോട് പറഞ്ഞു, " നിന്നെത്തന്നെ ത്യജിച്ച് എന്നെ അനുഗമിക്കുക ". എവിടെ അനുഗമിക്കണം? അവൻ തോറ്റവനാണെങ്കിലും യേശു അവനെ നയിച്ചു. ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ പറഞ്ഞപ്പോൾ അവൻ ഉറങ്ങി. യേശു കാൽവറിയിലേക്ക് നടത്തപ്പെടുമ്പോൾ അവൻ അവിടുത്തെ തള്ളിപ്പറഞ്ഞു. അത് കർത്താവിന്റെ നടത്തിപ്പ് ആയിരുന്നോ? സ്തോത്രം. അതെ, പരിശുദ്ധാത്മാവ് അതിന്റെ ശക്തിയിൽ വന്നിരുന്നില്ല. പത്രോസ് ഒരു ജഡിക മനുഷ്യൻ ആയിരുന്നു. ആത്മാവ് ഒരുക്കമുള്ളത് ആയിരുന്നു, പക്ഷേ പാപ പ്രവർത്തികളെ കീഴടക്കുവാൻ തനിക്ക് കഴിഞ്ഞില്ല.

(ശേഷം 8-ാം പേജിൽ)

നമുക്കുവേണ്ടി മരിച്ചു ഉയിർത്തെഴുന്നേറ്റവനായി ജീവിക്കുക

By Rich Carmicheal

നമ്മുടെ പാപങ്ങൾക്കു വേണ്ടി നിത്യജീവനുണ്ടാകുവാൻ വേണ്ടി കാൽവറി ക്രൂശിൽ മരിച്ചുയിർത്ത നമ്മുടെ കർത്താവായ യേശുവിന് ഏതു വിധത്തിലുള്ള നന്ദിയാണ് കാണിക്കാൻ കഴിയുക? നമ്മുടെ പാപങ്ങൾക്കു വേണ്ടി കഷ്ടതയനുഭവിച്ച് മരിച്ച യേശുവിനെ വർണ്ണിക്കാം.

" അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും തൃജിക്കപ്പെട്ടും, വ്യസന പാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറെച്ചു കളയത്തക്ക വണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവന ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാ വരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു. ജീവനുള്ളവരുടെ ദേശത്തു നിന്നും അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമങ്ങൾ നിമിത്തം അവന് ദണ്ഡനം വന്നും എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു? അവൻ സാഹസം ഒന്നും ചെയ്യാതെയും, അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന് ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു. അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടുകൂടെ ആയിരുന്നു. എന്നാൽ അവനെ തകർത്തു കളവാൻ അവന് ഇഷ്ടം തോന്നി. അവൻ അവന് കഷ്ടം വരുത്തി. അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യോഹവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും. നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ട് പലരേയും നീതീകരിക്കും. അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. അതു കൊണ്ട് ഞാൻ അവന് മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും. ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും. അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കികളകയും അനേകരുടെ പാപം വഹിച്ചും അതിക്രക്കാർക്കു വേണ്ടി ഇടനിന്നും കൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ (യെശ. 53:3-12).

യേശു നമുക്കുവേണ്ടി അനുഭവിച്ച കഷ്ടതയും ലജ്ജാകരമായ ക്രൂശിന്റെ അനുഭവവും മുമ്പേ അറിഞ്ഞിട്ട് മരണത്തിന്റെ തലേ രാത്രി താൻ ഗത്ശമെനയിൽ പ്രാർത്ഥിച്ച പ്രാർത്ഥന, " താൻ അവരെ വിട്ട് ഒരു കല്ലേറു ദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി. പിതാവേ, നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ. എങ്കിലും എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവന് പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി". (ലൂക്കോ. 22:41-44).

തന്റെ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുവാനായി താൻ ലോകത്തിലേക്ക് വന്നു. (എബ്രാ. 10:5 - 10), വലിയ വിലകൊടുക്കേണ്ടി വന്നു. പിതാവിന്റെ ഇഷ്ടത്തിന് സമ്പൂർണ്ണമായി സമർപ്പിച്ചു, "തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. (ഫിലി. 2:8) " തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും" (എബ്രാ. 12:2). ദൈവപുത്രന്റെ യാഗമല്ലാതെ ശ്രേഷ്ഠമേറിയ ഒരു യാഗവുമില്ല, എല്ലാ നിലയിലും സമ്പൂർണ്ണവും വിശുദ്ധവുമായ യാഗം, പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ ആണികളാൽ തറയ്ക്കപ്പെട്ടു. അവിടുത്തെ രക്തത്താൽ നമുക്ക് വീണ്ടെടുപ്പ് ഉണ്ട്, പാപക്ഷമയുണ്ട് (കൊലൊ. 1:14)

എന്നേയ്ക്കുമായി ഉയർത്തു ജീവിക്കുന്നു

നമ്മുടെ കർത്താവ് ഇന്ന് കല്ലറയിലല്ല എന്ന യാഥാർത്ഥ്യം നമുക്ക് അളവില്ലാത്ത സന്തോഷം നൽകുന്നു, "അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെയിടയിൽ നിന്ന് ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവനാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും ചെയ്തു " (എഫെ. 1:20,21) യേശു താൻ പ്രഖ്യാപിച്ചു, " ഞാൻ മരിച്ചവനായിരുന്നു, എന്നാൽ, ഇതാ എന്നേയ്ക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശം ഉണ്ട് " (വെളി.1:18). യേശു ക്രിസ്തു മരിച്ചു അടക്കപ്പെട്ടു. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്നത് എത്ര വലിയ പ്രത്യാശയാണ്, കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെയിരിക്കും" (1തെസ്സ. 4:16,17).

ക്രിസ്തുവിനായി ജീവിക്കുന്നു

നാം അവനുവേണ്ടി നോക്കിപ്പാർക്കുക മാത്രമല്ല

(ശേഷം 7-ാം പേജിൽ)

നിങ്ങളുടെ വ്യക്തിപരമായ ഉണർവ്വ്

By James A.Stewart

എന്റെ ജീവിതത്തിന്റെ ഭാരവും കാത്തിരിപ്പും എന്നത്, കർത്താവ് തന്റെ പ്രവൃത്തിയെ ജീവിപ്പിക്കും എന്നതാണ്. ഞാൻ സമീപിച്ച ധാരാളം ക്രിസ്ത്യാനികൾ, അവർ പകുതി ഹൃദയം അർപ്പിച്ചവരായിരുന്നു, നൂറ് ശതമാനം ജീവിതത്തെ കർത്താവിനായി വിട്ടു കൊടുക്കേണ്ടവർ.

ഒരു ലോകവ്യാപകമായ ഉണർവിനായി ഞാൻ കാത്തിരുന്നു, പ്രാർത്ഥിക്കയായിരുന്നു, ഉണർവ്വിന്റെ കാലങ്ങൾ ഏറെ വിദൂരമല്ല. വാഴ്ത്തപ്പെട്ട ദൈവത്തിന്റെ ആത്മാവ് എത്രത്തോളം അത്ഭുതങ്ങൾക്കായി നിൽക്കുമ്പോൾ, ലോകത്തിൽ പ്രവർത്തിക്കുമ്പോൾ, സഭയുടെ ശക്തി അപ്പോസ്തലിക കാലഘട്ടത്തിന്റെ അതേ ശക്തിയാണ്.

ഞാൻ വിശ്വസിക്കുന്ന, ഉണർവ്വിനായി ദൈവം നമ്മെ അയയ്ക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഒരു തിരമാലകൾ എല്ലാ സഭകളിലും ഉണ്ടാകുന്നു. വീണ്ടും വീണ്ടും നമ്മുടെ സ്വന്തം ശുശ്രൂഷയിൽ നാം കാണാൻ പോകുന്നു, അതിന്റെ പരിണതഫലം രക്ഷിക്കപ്പെടുകയാണ്. എനിക്ക് വിശ്വസിക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്, ദൈവം ഒരു വലിയ ഉണർവ്വ് ഈ ദിവസങ്ങളിൽ നിങ്ങളിൽ അയയ്ക്കും, പ്രിയ സഹോദരീസഹോദരന്മാരേ, ദൈവം തന്റെ വീണ്ടെടുക്കപ്പെട്ട ജീവിതങ്ങളിലൂടെ തന്റെ പ്ലാനും പദ്ധതിയും ഈ ദിവസങ്ങളിൽ അയയ്ക്കും.

തന്റെ പുത്രന്റെ മണവാട്ടിയുടെ നിലവാരത്തിന് താഴെ ജീവിക്കുവാൻ തന്റെ ജനത്തെക്കുറിച്ച് ദൈവം ഒരു നാളും ആഗ്രഹിക്കുന്നില്ല. ആരും ഒരു നാളും തന്റെ മണവാട്ടി സാധാരണയിൽ താണ നിലവാരം പുലർത്തുവാൻ ആഗ്രഹിക്കുന്നില്ല. ഒരിക്കലും തന്റെ സഭ അതിന്റെ ശക്തിയും വിശുദ്ധിയും വിട്ട് താണനിലവാരം പുലർത്തുവാൻ പിതാവ് ആഗ്രഹിക്കുന്നില്ല, താൻ ഉദ്ദേശിച്ചതുപോലെ തന്റെ ജനം തന്നോടുള്ള കൂട്ടായ്മയിൽ ഉന്നത നിലവാരം പുലർത്തുവാൻ പിതാവ് ആഗ്രഹിക്കുന്നു. ഒരു സാധാരണയിൽ കുറഞ്ഞ, പിന്മാറ്റക്കാരായ സഭ ദൈവത്തിന് അപമാനവും, കൃപയിൽ നിന്നു വീണതും, ശക്തിയില്ലാത്തതുമാണ്.

നമുക്ക് എല്ലാവർക്കും വ്യക്തിപരമായ ഉണർവ്വ് ആവശ്യമായിരിക്കുന്നു.

ഓരോ ദൈവപൈതലിന്റെ ജീവിതത്തിലും ഒരു വ്യക്തിപരമായ ഉണർവ്വ് ആവശ്യമായിരിക്കുന്നു. ഇംഗ്ലണ്ടിലെ മെതഡിസ്റ്റ് ഭക്തനായൊരു മനുഷ്യൻ ചോക്കുകൊണ്ട് തന്റെ ചുറ്റും വരയുണ്ടാക്കി എന്നിട്ട് ഇങ്ങനെ പറഞ്ഞു, "കർത്താവേ, ഓരോ വ്യക്തിയെയും ഈ വൃത്തത്തിനുള്ളിൽ ഉണർത്തേണമേ! ഇത് അവസാന നാളുകൾ! അത് വ്യക്തിപരമായും അനുഭവപരമായും കാര്യങ്ങളെ രൂപപ്പെടുത്തുന്നു. ഇതുപോലുള്ള ശക്തമായ അളവിലേക്ക് ഒരുക്കപ്പെട്ടിട്ടുണ്ടോ? ദൈവം നിങ്ങളെ പൂർണ്ണമായ നിലയിൽ ആഴമായ നിലയിൽ ഉപയോഗിക്കുന്നതിന് തടസമായി നില്ക്കുന്നതിനെ പൂർണ്ണമായി മാറ്റി ഉപയോഗിക്കുവാൻ നിങ്ങൾ ഉപവസിക്കുവാൻ പ്രാർത്ഥിക്കുവാൻ ഒരുക്കമാണോ?

ഡി.എൽ.മൂഡി വളരെ ലളിതമായി ഇതിനെക്കുറിച്ചു പറയുന്നത്, " സഭകളിൽ ധാരാളം സമ്പത്ത് വർദ്ധിച്ചിരിക്കുന്നു, ഉപയോഗിക്കപ്പെടാത്ത ശക്തി, സീയോന്റെ ദർശനം നഷ്ടപ്പെട്ട ജനം, കർത്താവിന്റെ സാക്ഷ്യം വഹിക്കാത്ത ജനം, ആത്മാവിന്റെ പ്രവൃത്തിയില്ലാത്ത പ്രവർത്തകർ, അകലം വിട്ട് പിൻഗമിക്കുന്ന ശിഷ്യന്മാർ, ജീവിതമില്ലാത്ത പദ്ധതികൾ, ശക്തിയില്ലാത്ത സഭാ പ്രവർത്തനങ്ങൾ ".

പരിശുദ്ധാത്മാവിന്റെ നിറവില്ലാത്തതിന്റെ കാരണത്താൽ ധാരാളം ആളുകൾ ക്രിസ്തുവിന്റെ അപ്രമേയധനത്തെ നഷ്ടമാക്കി, ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തിക്ക് വിധേയരാകാതെ കാണപ്പെടുന്നു. ധാരാളമായ ഉറവിടങ്ങളും ദൈവത്തിന്റെ അളവുകൂടാതെയുള്ള ശക്തിയും അവർക്ക് സ്വന്തമെങ്കിലും മടിയന്മാരായി അത് ഉപയോഗിക്കാതെയിരിക്കുന്നു, ക്രിസ്തുവിന്റെ ആത്മാവിന്റെ നേരിട്ടുള്ള നിറവിനും നിയന്ത്രണത്തിനുമായി കാത്തിരിക്കുന്നു. എഫെസ്യർ 1-ാം അധ്യായത്തിൽ ദൈവശക്തി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി കർത്താവായ യേശുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ച് പിതാവിന്റെ വലത്തുഭാഗത്ത് സിംഹാസനസ്ഥനാക്കി. വാഗ്ദത്ത ജനത്തെ മിസ്രയീമിൽ നിന്നും വിടുവിച്ച അതേ ശക്തിയാൽ ക്രിസ്തുവിനെ ഉയിർപ്പിച്ച് ജയഘോഷത്തോടെ സഭയുടെ ജീവനും ശക്തിക്കും വേണ്ടി നല്കപ്പെട്ടിരിക്കുന്നു.

ആത്മ നിറവിൽ ജീവിതത്തിന്റെ ശക്തിയെക്കുറിച്ച് ചിന്തിക്കുക (എഫെ. 1:17-23). ആയിരക്കണക്കിന് ക്രിസ്ത്യാനികൾ നിസാര കാര്യങ്ങൾക്കു വേണ്ടി ആത്മീയ അനുഭവങ്ങളെ വില്ക്കുന്നവരായി കാണപ്പെടുന്നു.

അതെ അവർ രക്ഷിക്കപ്പെട്ടവരാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ വീണ്ടും ജനനം പ്രാപിച്ചവരാണ്. അവർ മഹത്വത്തിനായി വിളിക്കപ്പെട്ടവരാണ്. എന്നാൽ അവർ, ദൈവത്തിന്റെ ആഴങ്ങളെക്കുറിച്ച് അവർക്ക് ആഗ്രഹമില്ല, വാഞ്ഛയില്ല, ആത്മനിറവിന്റെ ദാഹവുമില്ല, കർത്താവായ യേശുക്രിസ്തുവിലുള്ള അവരുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് ഒരു ഗ്രാഹ്യവുമില്ല. യഥാർത്ഥത്തിൽ കർത്താവായ യേശു നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ, തന്റെ സകല സമ്പത്തിനും നാം അവകാശിയായിത്തീരുകയാണ്. ദൈവത്തിന്റെ അത്ഭുത കൃപകളും വരങ്ങളും ഒരു വിശ്വാസിക്ക് അനുഭവമാകുകയാണ്.

എത്ര അറിവില്ലാത്തവയായിട്ടാണ് അനേക ക്രിസ്ത്യാനികൾ ജീവിക്കുന്നത്, ക്രിസ്തീയ നിലവാരങ്ങളിൽ നിന്നും ഏറ്റം താണവരായാൽ, എന്നാൽ, ക്രിസ്തുവിന്റെ നാമത്തിലും ആത്മികതയിലും പൊതിഞ്ഞു കെട്ടി, പിശാചിനാൽ കുരുടന്മാരാക്കപ്പെട്ടവരായി ജീവിക്കുന്നു. ജഡികന്മാരായി ആത്മീക സന്തോഷം നഷ്ടപ്പെട്ടുപോയി അവർ ജീവിക്കുന്നു. ദൈവത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ അവർക്കാഗ്രഹമില്ല.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദാവീദ് പ്രാർത്ഥിച്ചു, " മാൻതീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ, ദൈവമേ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംഷിക്കുന്നു" (സങ്കീ. 42:1).

(ശേഷം 7-ാംപേജിൽ)

(5-ാംപേജിന്റെ തുടർച്ച)

നമുക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റവനായി ജീവിക്കുക

കർത്താവിന്റെ മരണത്താലും നമ്മിൽ പ്രവർത്തിക്കുന്ന അവിടുത്തെ ജീവന്റെ ശക്തിയാലും നാം അവിടുത്തെ നാമത്തിനുവേണ്ടി ജീവിക്കുകയും ചെയ്യുന്നു. “അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ” (റോമ. 6:4). കർത്താവായ യേശുക്രിസ്തുവിനെ അറിയുന്നത് എത്ര ഭാഗ്യമാണ്, “അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തു യേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ” (റോമ. 6:11). പിതാവായ ദൈവം കർത്താവിനെ ഉയർപ്പിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന അതേ ശക്തിയാൽ കർത്താവ് നമ്മിൽ പ്രവർത്തിക്കുന്നു (എഫെ. 1:19,20).

ദൈവത്തിന്റെ സമ്പൂർണ്ണ ഹിതത്തിനായി യേശു തന്നെത്താൻ സമർപ്പിച്ചു. യേശു പറയുന്നു, “ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും (മത്താ. 16:24,25). ക്രിസ്തീയ ജീവിതത്തിലെ വിരോധാഭാസമാണ്, ദൈവത്തിന്റെ ജീവൻ പ്രാപിക്കുന്നതിന് വേണ്ടി സ്വന്തം ജീവനെ കളയുക എന്നത്. നമുക്ക് സമൃദ്ധിയായ ജീവൻ നൽകുവാനായി ക്രിസ്തു ലോകത്തിലേക്ക് വന്നു (യോഹ. 10:10), എന്നാൽ ആ ജീവൻ ക്രിസ്തുവിൽ ഉണ്ടായിരുന്നു, നമ്മിൽ അല്ല.

ഒരു പ്രധാനമായ വിഷയമാണ് സ്വയത്തെ ത്യജിക്കുക എന്നതും മരണത്തിന്റെ ശക്തിയെ ആലിംഗനം ചെയ്ക എന്നതും ക്രിസ്തുവിന്റെ ജീവൻ നമ്മിൽ ആയിത്തീരുന്നു. യഥാർത്ഥ ജീവൻ ജീവിതത്തിൽ അനുഭവമാക്കുക. പ്രധാനമായി കർത്താവുമായുള്ള കൂട്ടായ്മയിൽ അവിടുത്തെ മഹത്വത്തിനായി ജീവിക്കുക. “ ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ട് അല്ല എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കെല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു” (2കൊരി. 5:15). ക്രിസ്തു നമ്മെ സ്നേഹിക്കുന്നു, നമുക്കു വേണ്ടി തന്റെ ജീവനെ തന്നു നമ്മെ സമ്പൂർണ്ണമായി അവിടുത്തേയ്ക്ക് കൊടുക്കാം, അവിടുന്ന് നമുക്കായി വീണ്ടും വരും. ❖

(6-ാംപേജിന്റെ തുടർച്ച)

നിങ്ങളുടെ വ്യക്തിപരമായ ഉണർവ്വ്

ഇത് ദൈവജനത്തെ സംബന്ധിച്ച് അനുഗ്രഹിക്കപ്പെട്ട വചനങ്ങളാണ്. ദൈവത്തിനായുള്ള ദാഹമോ, വാഞ്ഛയോ ഇല്ല. വ്യക്തമായ ഒരു ദൈവപ്രവൃത്തി അവരുടെ നടുവിൽ ഉണ്ടാകണമെന്ന് ആഗ്രഹമില്ല. പകരം അത്ഭുതങ്ങൾക്കുവേണ്ടി കെഞ്ചുന്നു. അവർ കുഴിക്കുന്ന, ഉത്സാഹമില്ലതെ, എന്നാൽ ദൈവത്തിങ്കലേയ്ക്കുള്ള ഏകവഴി ജീവിതത്തിൽ സജീവമായിരിക്കുക എന്നതാണ്, ഏകവഴി എന്നത്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അഭിഷേകമുള്ളവരായിരിക്കുക എന്നതാണ്, ഏകവഴി. ഉണർവ്വ് അനുഭവമാക്കുക എന്നതാണ്. അവിടുത്തേക്കായി ദാഹത്തോടെയിരിക്ക! “ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ” (യോഹ. 7:37).

നാം ദൈവത്തിന്റെ പ്രവൃത്തികളെ ഓർക്കുക,. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നൽകി വിശ്വാസിക്കുന്നത് അനുഭവമാക്കുന്നത്, വിശ്വാസിയെ പരിശുദ്ധാത്മാവ് അവകാശമാക്കുന്നതും. നമുക്ക് ഒരിക്കലും പറയാൻ സാദ്ധ്യമല്ല. വിശ്വാസിക്ക് പരിശുദ്ധാത്മാവില്ല എന്ന്, എന്നാൽ ദു:ഖകരമായ ഒരു സാധ്യതയുള്ള പരിശുദ്ധാത്മാവ് വിശ്വാസിയെ അവകാശമാക്കുന്നില്ല എന്ന്.

മഹത്തായ ആഴങ്ങളും ഉയരങ്ങളും

എന്തൊരു ദു:ഖപരസ്യവ്യവസായിയാണ്, എത്ര ഹൃദയഭേദകമായ സംഗതിയാണ് ഓരോ ക്രിസ്തീയ വിശ്വാസികളുമായ നമുക്ക്, മഹത്വരാജ്യത്തിൽ പോകാൻ കഴിയാത്തതും, അതിൽ ആയിരിക്ക എന്നതും, നാം നിരാശയിൽ ജീവിക്കുന്നു, ദു:ഖകരമായ അവസ്ഥയിൽ ജീവിക്കുന്നു എന്നാൽ ലക്ഷക്കണക്കിന് വിശ്വാസികൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ ജീവിക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനു മാത്രമേ നമ്മുടെ ജീവിതങ്ങളെ യാഥാർത്ഥ്യവും വിലയേറിയതും സത്യവുമാക്കിത്തീർക്കുവാൻ കഴിയുകയുള്ളൂ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ദൈവത്തിന്റെ മഹത്വത്തിന്റെ വഴിയിൽ യാത്രചെയ്യുമ്പോൾ മടിയന്മാർ ആ വഴിയിൽ നിന്നും അകലെയായിരിക്കും. ആത്മാക്കളെ നേടുന്നതിൽ താല്പര്യമില്ലാത്ത ഒരു ജീവിതമെങ്കിൽ, ദൈവവചനത്തിനായി ശരിയായ ദാഹം ഇല്ലെങ്കിൽ, പൂർണ്ണമായി ക്രിസ്തീയ ജീവിതം നയിക്കുന്നതിനാവശ്യമായ വിശപ്പ് ഇല്ലായെങ്കിൽ, പ്രിയ വീണ്ടെടുപ്പുകാരന്റെ മഹത്വമുള്ള വേല ചെയ്യുന്നതിൽ താല്പര്യമില്ലാത്തവനായിരിക്കും. അവൻ ദൈവത്തിന്റെ സൗരഭ്യം ദേശത്തിന്മേൽ കൊണ്ടെത്തിക്കുന്നതിൽ വീഴ്ചയുള്ളവനായിരിക്കും. ഈ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം ആത്മാവിനാൽ നിറയപ്പെടുക എന്നതാണ്. അപ്പോൾ ജീവിതം ശക്തിയുള്ളതായിരിക്കും, വീണ്ടെടുപ്പുകാരനെക്കുറിച്ച് മറ്റുള്ളവരോട് പറയും. ❖

ശക്തിയും ജീവിതവും

നിങ്ങൾ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കും. പരിശുദ്ധാത്മാവിന്റെ ഒരു വരമായിട്ടല്ല, ദൈവശക്തിയാണ് പരിശുദ്ധാത്മാവ്. ഉള്ളിലേക്ക് എന്തെങ്കിലും തിരുകികയറ്റുന്നതല്ല. ആ ജീവൻ നമ്മുടെ കർത്താവിൽ ഉണ്ടായിരുന്നു, ഒരിക്കൽ ക്രിസ്തുവിനോട് ചേരുവാൻ എടുത്ത തീരുമാനത്താൽ, അവിടുത്തെ ക്രൂശിനാൽ നമ്മുടെ സ്വന്തമായിത്തീർന്നു. പാപം ജീവിതത്തിന്റെ എല്ലാ സാദ്ധ്യതകളെയും തടയുന്നു. പെട്ടെന്ന് നാം തീരുമാനിക്കു, ജീവിന്റെ പൂർണ്ണ അളവ് ദൈവം നമുക്ക് തരും. യേശു ലോകത്തിലേക്ക് വന്നത് നമുക്കു ജീവൻ ഉണ്ടാകുവാനാണ്. നിങ്ങൾ ദൈവത്തിന്റെ എല്ലാ നിറവിനാലും നിറയുക” ❖

(4-ാംപേജിന്റെ തുടർച്ച)

സ്വയ ജീവിതവും ക്രിസ്തീയ ജീവിതവും

അവൻ എന്തു ചെയ്തു? പത്രോസ് ഹൃദയ നുറുക്കത്തോടെ കരഞ്ഞു. അവൻ തന്നെത്തന്നെ സമർപ്പിച്ചു ദു:ഖത്തോടെ കരയുവാന്ത ക്കവണ്ണം അവിടുന്ന് അവനെ നടത്തി. യേശു ശവക്കല്ലറയിലൂടെ കടന്ന് പോയി. ഉയിർത്തെഴുന്നേൽപ്പിലൂടെ പെന്തെക്കോസ്തുവരെ പോയി. പരിശുദ്ധാത്മാവ് വന്നു, അവിടുത്തെ ദിവ്യ ജീവിതവുമായി വന്നു. അങ്ങനെ, "ക്രിസ്തു എന്നിൽ ജീവിക്കുന്നു".

സ്വയത്തിന്റെ ജീവിതത്തിൽ നിന്നും വിടുതൽ പ്രാപിപ്പാൻ അതാണ് ഒരു വഴി. നാം ക്രിസ്തുവിനെ അനുഗമിക്കേണം, നമ്മുടെ ഹൃദയങ്ങളെ അവിടുത്തേയ്ക്കു വേണ്ടി ഒരുക്കേണം, അവിടുത്തെ വചനത്തെ ശ്രദ്ധിക്കേണം, അവിടുന്ന് നമ്മിൽ വസിക്കുന്നതിനു വേണ്ടി ദിനംതോറും നാം നമ്മെത്തന്നെ ത്യജിക്കേണം. ക്രിസ്തുവിന്റെ ശക്തിയാൽ ത്യജിക്കൽ അനുഗ്രഹകരമായിത്തീരുന്നു. ഒരു ക്രിസ്ത്യാനിക്ക് ഏതവസരത്തിലും പറയുവാൻ കഴിയട്ടെ, "എനിക്കു ത്യജിക്കുവാൻ ഒന്നും ബാക്കിയില്ല". അങ്ങനെ പറയുവാൻ കഴിയുമോ, എനിക്കു ത്യജിക്കുവാൻ ഒന്നും ബാക്കിയില്ല.

കർത്താവായ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ ഓരോ മണിക്കൂറിലും ഓരോ നിമിഷവും ദൈവകൃപയാൽ തുടർച്ചയായ സ്വയവർജ്ജനം അടങ്ങിയിരിക്കുന്നു. പാപകരമായ സ്വയത്തിന്റെ ജീവിതത്തിൽ നിന്നും ഉള്ള സമ്പൂർണ്ണ വിടുതൽ അത്രേ ഇത്. നാം കർത്താവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ മരണത്തോട് ഏകീഭവിക്കുന്നസ്നാനത്താൽ ക്രിസ്തുവിൽ ജീവിക്കുന്നു. അതിനെക്കുറിച്ച് ചിന്തിക്കുക. ക്രിസ്തുവിൽ പാപകരമായ സ്വാർത്ഥതയില്ല, എന്നാൽ, തനിക്ക് സ്വാർത്ഥതയുണ്ട്. തന്റെ മരണത്തിൽ അതിനെ എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചു. ഗത്ശമനെയിൽ താൻ പറഞ്ഞു, " പിതാവേ എന്റെ ഇഷ്ടം അല്ല. " ആ പാപമില്ലാത്ത തന്റെ സ്വയത്തെ കാൽവറി മരണത്തിൽ താൻ ഉപേക്ഷിച്ചു കല്ലറയിൽ നിന്നും പുറത്തു വന്നപ്പോൾ അതിനെ വീണ്ടും, പ്രാപിപ്പാൻ ദൈവം അവിടുത്തേയ്ക്ക് അധികാരം നൽകി, അവിടുന്ന് ഉയിർത്തെഴുന്നേറ്റു, മഹത്വീകരിക്കപ്പെട്ടു. സ്വർഗ്ഗത്തിലേയ്ക്ക് പോകുവാൻ മറ്റൊരു വഴി നമുക്ക് പ്രതീക്ഷിക്കുവാൻ കഴിയുമോ, അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്ക് പോയി.

ഉണരുക! ഓർക്കുക, യേശു മരണത്തിനായി ഇറങ്ങി, കല്ലറയിൽ അടക്കപ്പെട്ടു, അത് സ്വയത്തിന്റെ മരണം കൂടെയായിരുന്നു, മുഴുലോകത്തിനും വേണ്ടി, വിടുതലും ജീവനും വരുന്നു.

കർത്താവിന്റെ മുമ്പിൽ നിങ്ങളെത്തന്നെ താഴ്ത്തുക

അടുത്തതായി, ഗുരുവിന്റെ പാഠം പഠിക്കുന്നതലുള്ള പ്രയോജനം എന്താണ്.

ഒന്നാമതായി, ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാൻ കഴിയുന്നു. നമ്മിൽ ഇതു ഉണ്ട് എന്ന ചിന്ത കൊടുക്കുവാൻ സഹായിക്കുന്നു, എല്ലാ കുറുക്കുവഴികളും, എല്ലാ തോൽവികളും, ദൈവത്തോടുള്ള എല്ലാ ബഹുമാനമില്ലായ്മകളും സ്വയത്തിൽ നിന്നും വരുന്നു എന്ന് പഠിക്കുവാൻ നമ്മെ സഹായിക്കുന്നു. അപ്പോൾ പറയും, " കർത്താവേ, ഇതാണ് ഞാൻ ". കർത്താവായ യേശുവിനെ നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതിന് അനുവദിക്കുക. വിശ്വാസത്തിൽ അവിടുത്തെ ജീവൻ നമ്മുടേതാകുകയാണ്.

സ്വയത്തിൽ നിന്നുള്ള മോചനം അത്ര എളുപ്പ വഴിയാണെന്ന് ചിന്തിക്കരുത്. ഒരു ഉണർവ്വുയോഗത്തിൽ, ഒരു നേർച്ച നേരുവാൻ കഴിയും, ഒരു പ്രാർത്ഥന അർപ്പിക്കുവാൻ കഴിയും, ഒരു സമർപ്പണം ചെയ്യുവാൻ കഴിയും, എന്നാൽ കർത്താവിന്റെ കാൽവറി മരണത്തിൽ തന്റെ പാപരഹിത സ്വയജീവിതം ദൈവത്തിനായി ഉപേക്ഷിക്കുമ്പോൾ നമുക്കും ദൈവത്തിനും മദ്ധ്യേ ആ പാപപരിഹാരയാഗം ഇരിക്കുമ്പോൾ ഉപേക്ഷിക്കുന്നു. തന്റെ സ്വയത്തെ മരണത്താൽ. കർത്താവിന്റെ മരണത്തിന്റെ പ്രവൃത്തി നമ്മിൽ ദിനംതോറും നടക്കേണ്ടതാണ്.

എന്തൊരു വ്യത്യാസമാണ്. പത്രോസും യേശുവും ദൈവത്തിനുവേണ്ടി സ്വയം ഉപേക്ഷിക്കുന്നതിൽ നാം കാണുന്നത് എന്തൊരു വ്യത്യാസമാണ്. പത്രോസിന്റെ സ്വയം പുകഴ്ചയും ദൈവത്തിന്റെ കുഞ്ഞാട്ടിന്റെ ആഴമായ സൗമ്യതയും, ഹൃദയത്തിന്റെ സൗമ്യതയും താഴ്മയും ദൈവത്തോട് കാണിക്കുന്നത്. എന്തൊരു വ്യത്യാസമാണ്. പത്രോസിന്റെ സ്വയ ഉറപ്പും കർത്താവിന്റെ ദൈവത്തിലുള്ള ആഴമായ ആശ്രയവും, അപ്പോൾ കർത്താവു പറഞ്ഞു. എനിക്ക് സ്വയമേ ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

നാം കർത്താവിനായി ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു, കർത്താവ് വന്നു നമ്മിൽ ജീവിക്കുന്നു, എന്നാൽ ഒരു കാര്യം നാം ചെയ്യേണം, നാം നമ്മെ വെറുക്കുവാൻ ത്യജിക്കുവാൻ നാം പഠിക്കേണം. പത്രോസ് പറഞ്ഞതുപോലെ " അവിടുത്തേയ്ക്കു വേണ്ടി ഒന്നും ചെയ്യുവാൻ എനിക്ക് കഴിഞ്ഞില്ല, അതുകൊണ്ട് നാം പറയണം, " സ്വയത്താൽ എനിക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നില്ല", അതുകൊണ്ട് ക്രിസ്തു അത്രേ എന്നിൽ എല്ലാം എല്ലാം.

ആകയാൽ നമ്മുടെ സ്വയത്തിന് എത്രമാത്രം നമ്മുടെ കർത്താവിന് അപമാനം വരുത്തുവാൻ ഇടയായി എന്ന് ചിന്തിക്കാം. ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം: "കർത്താവേ, നിന്റെ വെളിച്ചം എന്നിൽ പ്രകാശിക്കട്ടെ; അവിടുന്ന് ഞങ്ങൾക്ക് വെളിപ്പെടുത്തണമേ എന്ന് അപേക്ഷിക്കുന്നു. സ്വയം ഞങ്ങളുടെ ജീവിതത്തിൽ എന്തു തടസങ്ങളാണ് ഉണ്ടാക്കിയതെന്നും എത്ര പുറകോട്ട് ഞങ്ങളെ കൊണ്ടുപോയി എന്നും കാണുവാൻ ഞങ്ങളുടെ കണ്ണുകളെ തുറക്കേണമേ. ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ മതപരമായി എല്ലാ പരിപാടിയിൽ നിന്നു, പരിചയങ്ങളിൽ നിന്നും ഞങ്ങൾ വിടുതൽ പ്രാപിച്ച്, ദൈവത്തിങ്കലേക്ക് നോക്കി ഇങ്ങനെ പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ, " കർത്താവായ ദൈവമേ, പ്രധാന ദൂതൻ പിശാചായി മാറി, ഞങ്ങളുടെ ആദ്യമാതാപിതാക്കന്മാരെ വഞ്ചിച്ചു. ഞങ്ങളുടെ സ്വയം പറുദീസയിൽ നിന്നും പുറത്താക്കി, ഇരുട്ടിലേക്ക് ഞങ്ങളെ എറിഞ്ഞു. കഷ്ടവും നാശവും, തോൽവികളും ഞങ്ങളുടെ ജീവിതത്തിൽ വന്നു. ഞങ്ങളെ രക്ഷിക്കേണമേ.

അങ്ങനെ വലിയൊരു മാറ്റം സംഭവിക്കുന്നു, മനുഷ്യൻ തന്റെ ഇഷ്ടത്തോടെ വിളിച്ചു പറയുന്നു, മറ്റൊരാൾ എനിക്കു വേണ്ടി ജീവൻ നൽകി ". വേറെ വഴിയില്ല. സ്വയത്തെ ത്യജിക്കുക, ക്രൂശെടുത്തു കർത്താവിനോടുകൂടെ മരിക്കുക. അവിടുത്തെ മാത്രം അനുഗമിക്കുക. അവിടുത്തെ സ്വീകരിച്ച് ക്രിസ്തുവുള്ള ജീവിതം നയിക്കുവാൻ ദൈവം നമുക്ക് കൃപ നൽകുമാറാകട്ടെ. ❖

ക്രൂശ് കിരീടത്തിലേക്ക് നമ്മെ നടത്തുന്നു

By Paul E.Billheimer

കടന്നു പോകുമ്പോൾ തല കുലുക്കി അവനെ ദുഷിച്ചു, മന്ദിരം പൊളിച്ച് മൂന്നു നാൾ കൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക, ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ എന്ന് പറഞ്ഞു. അങ്ങനെ തന്നെ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു. ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല, അവൻ യിസ്രായേലിന്റെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നും ഇറങ്ങി വരട്ടെ, എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും" (മത്താ.27:39-42).

ഇവൻ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ; ദൈവം തെരെഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ എന്ന് പ്രധാനികളും പരിഹസിച്ചു പറഞ്ഞു (ലൂക്കോ. 23:35).

സാത്താൻ ക്രൂശില്ലാത്ത ഒരു കീഴടങ്ങൽ വാഗ്ദത്തം ചെയ്തു.

കർത്താവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും വ്യത്യസ്ത സമയങ്ങളിൽ. കർത്താവായ യേശുവിന് ഉന്നതങ്ങളിൽ എത്തുന്നതിന് ക്രൂശില്ലാത്ത വഴികൾ പറഞ്ഞുകൊടുത്തു. കർത്താവായ യേശു സാത്താന്റെ ഈ വാക്കുകളെല്ലാം തള്ളിക്കളഞ്ഞു. തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ഈ പരീക്ഷകൾ നേരിടുമ്പോൾ സാത്താൻ യേശുവിനോട് പറഞ്ഞു: ലോകത്തിന്റെ എല്ലാ മഹത്വവും നിനക്കു തരാം, നീ വീണ് എന്നെ നമസ്ക്കരിച്ചാൽ മതി, (മത്താ. 4:8-10; ലൂക്കോ. 4:5-8 വരെ കാണുക). മരിക്കാതെ കീഴടങ്ങാനുള്ള ഒരു വാഗ്ദത്തം, ക്രൂശില്ലാതെ കിരീടം. നിശ്ചയമായും ഇത് കഷ്ടതയില്ലാത്ത ഒരു വാഗ്ദത്തമാണ്, താഴ്മയില്ലാത്ത ഒരു ഉയർച്ച.

ഇതേ കാര്യം തന്നെ യേശുവിനെ സന്ദർശിച്ച യഹൂദന്മാർ ഒരു ശിഷ്യനോട് പറയുന്നത്, "ഞങ്ങൾക്ക് യേശുവിനെ കാണാൻ താല്പര്യമുണ്ട് (യോഹ.12:21). അവർ യേശുവിനെ തങ്ങളുടെ രാജ്യത്തേയ്ക്ക് ക്ഷണിച്ച് വളരെ സുരക്ഷിതമായി വേല ചെയ്യുക എന്ന് പറഞ്ഞ് യേശുവിനെ ക്ഷണിച്ചു. മരണ ഭയം ഒഴിവാക്കാം എന്ന് പറഞ്ഞു. യേശു അവരോട് പറഞ്ഞത് കോതമ്പു മണി നിലത്തു വീണ് ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും. ചത്തു എങ്കിലോ ധാരാളം വിളവ് ഉണ്ടാകും" (യോഹ. 12:24). ക്രിസ്തു അറിഞ്ഞിരുന്നു, തന്റെ മരണം നഷ്ടപ്പെട്ട പാപികളെ ദൈവത്തോട് അടുപ്പിക്കുവാൻ കഴിയും. അങ്ങനെ മറ്റെല്ലാ വഴികളേയും കർത്താവു തള്ളിക്കളഞ്ഞു.

മൂന്നാം പ്രാവശ്യം അവിടുന്ന് ഈ പരീക്ഷയെ നേരിട്ടു. യെരുശലേമിലേക്കുള്ള അവരുടെ യാത്രയിൽ യേശുവിന്റെ അന്ത്യനിമിഷങ്ങളോട് അടുത്തുവരുമ്പോൾ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. യെരുശലേമിൽ തനിക്കു എന്തു സംഭവിപ്പാൻ പോകുന്നു, മനുഷ്യപുത്രൻ പരഹസിക്കപ്പെടും. , തുപ്പും, ഉപേക്ഷിക്കപ്പെടും മഹാപുരോഹിതന്മാരാലും ശാസ്ത്രിമാരാലും ക്രൂശിക്കപ്പെടും. ജിഡ്ഡകമനസിൽ പത്രോസ് ഇടപെടുന്നത് കാണാം. അവൻ ശാസിക്കുവാൻ തുടങ്ങി. അവിടുത്തോട്, നിനക്കു അങ്ങനെ ഭവിക്കരുതേ എന്നു പറഞ്ഞു. യേശു പരീക്ഷയെ തള്ളി പത്രോസിനോടു , സാത്താനേ എന്നെ വിട്ടുപോ എന്ന് പറഞ്ഞു (മത്താ. 16:22,23).

ആ കാഴ്ച, നമുക്കു വേണ്ടി കർത്താവ് ക്രൂശിൽ തൂങ്ങി. തന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ നിറവേറി. ഈ ഘട്ടത്തിൽ തന്റെ വചനങ്ങൾ നീതീകരിക്കപ്പെട്ടു. ലോകം ഏകദേശം നിശ്ചലമായി. ഏകദേശം, എന്നാൽ ശാന്തമായില്ല. ഒരിക്കൽ കൂടി, ക്രൂശിന്റെ കഠിനവേദനയിൽ, ആ ദാരുണമായ മരണവേദനയിൽ, കഠിനവേദനയുടെ അവസാന നിമിഷത്തിൽ ആ പരീക്ഷ വീണ്ടും പ്രത്യക്ഷപ്പെട്ടു,. "മന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക, ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ എന്ന് പറഞ്ഞു (മത്താ. 27:40).

കർത്താവിനെ അങ്ങനെ ചെയ്യുവാൻ കഴിയും എന്നു പറയേണ്ടതില്ല, അവിടുന്ന് അത് തെരഞ്ഞെടുത്തു, "എന്റെ പിതാവിനോട് ഇപ്പോൾ തന്റെ പന്ത്രണ്ട് ലഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികിൽ നിറുത്തേണ്ടതിന് എനിക്ക് അപേക്ഷിച്ചുകൂടാ എന്ന് തോന്നുന്നുവോ? എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്ക് എങ്ങനെ നിവർത്തിവരും എന്ന് പറഞ്ഞു" (മത്താ. 26:53 ,54). ഇത് പത്രോസിനോട് തോട്ടത്തിൽ വച്ചു പറഞ്ഞു. അവൻ താഴെ വരേണ്ടിയിരുന്നു.

യേശുവിന് തന്നെത്തന്നെ രക്ഷിക്കുവാനുള്ള പരീക്ഷ നേരിട്ടു, കാൽവറിയിലെ കയ്പേറിയ അനുഭവങ്ങളുടെ മട്ടു വലിച്ചു കുടിക്കുന്ന, തന്നെത്താൻ ഒഴിക്കുന്ന പരീക്ഷ തനിക്ക് ഒഴിവാക്കാമായിരുന്നു. ഹൃദയമിടിപ്പ് കൂടി, നാവു വരണ്ടു, ഓരോ നാഡീ ഞെരമ്പുകളും, മസിലുകളും അതിവേദനയാൽ പിടയുമ്പോൾ അതിദാരുണമായ ആക്ഷേപം, "നീ ദൈവപുത്രൻ എങ്കിൽ, ക്രൂശിൽ നിന്നും ഇറങ്ങി വരിക ഭീകരമായ ആ കാഴ്ച.

അവിടുന്ന് ക്രൂശിൽ നിന്നും ഇറങ്ങി വന്നുവോ? തന്നെത്താൻ രക്ഷിക്കത്തക്കണ്ണം ആ വെല്ലുവിളി താൻ ഏറ്റെടുത്തുവോ? ഒടുവിൽ താൻ ക്രൂശിനെ തള്ളിക്കളഞ്ഞുവോ? ലോകത്തിന്റെ സിംഹാസനം തനിക്കു നഷ്ടപ്പെടുമായിരുന്നു. അപരിചിതമായി തോന്നും, സാത്താൻ ഒടുവിൽ പരാജയപ്പെട്ടു, അവന്റെ അധികാരത്തിൽ നിന്നും അവനെ തള്ളിയിട്ടു. എഫ്. ജെ. ഹ്യൂഗെൽ പറയുന്നു, ലോകത്തിന്റെ സിംഹാസനം ഒരു ക്രൂശാണ്. ക്രിസ്തു മരണത്തിൽ നിന്നും വാഴുന്നു. കാരണം അവിടുന്ന് ക്രൂശിലേക്ക് പോയി, ലോകത്തിൽ അവിടുന്ന് വലിയവനാണ്. വെളിപ്പാടു പുസ്തകം വ്യക്തമായി പറയുന്നു. പ്രപഞ്ചത്തിൽ തന്റെ അധികാരം ഒരു ദിവസം വെളിപ്പെടും.

ചരിത്രത്തെക്കാൾ വലിയ സത്യം

മുകളിൽ പറഞ്ഞതെല്ലാം യഥാർത്ഥമായി ചരിത്രപരം. ക്രിസ്തു വാഴുന്നു കാരണം, അവിടുന്ന് ക്രൂശിലേക്ക് പോയി, മരണം വരെ അവിടെ ആയിരുന്നു. ലോകത്തിനുവേണ്ടി തന്റെ ജീവനെ കൊടുത്തു. എന്നാൽ ഇത് ചരിത്ര സത്യത്തെക്കാൾ വലിയ സത്യമാണ്. ഇത് ധാർമ്മികമാണ്. പൗലൊസ് പറയുന്നു; "നാം ഇനി പാപത്തിന് അടിമപെടാതവണ്ണം പാപ ശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു" (റോമ. 6:6). അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ക്രൂശ് കിരീടത്തിലേക്ക് നമ്മെ നടത്തുന്നു

നമാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുദ്ധാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമ. 6:4,5).

ഗലാത്യർ 2:20-ൽ "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത് ".

തിരുവചനം വ്യക്തമായി സംസാരിക്കുന്നത് എല്ലാ വിശ്വാസികളും അവിടുത്തെ മരണത്തിൽ പങ്കാളികളാണ്. എന്നാൽ ഹ്യുഗൽ സ്ഥാപിക്കുനനത്, കർത്താവായ യേശുവിലുള്ള നമ്മുടെ മരണം എന്നത് ശക്തമായ ഒരു കൂട്ടായ്മയാണ്. അദ്ദേഹം പറയുന്നത്, "ദിവ്യമായ കാഴ്ചപ്പാടിൽ ഇത് ദീർഘമായൊരു വിഷയമാണ്, ചരിത്രപരമായും നേരെയും ഇത് പൂർത്തീകരിക്കപ്പെട്ടു. എന്നാൽ മാനുഷിക ചിന്താഗതിയിൽ കുറച്ചു നമുക്കു വേണ്ടി ആശ്രയിക്കുന്നു, ഇതിന്മേൽ വിശ്വാസം പ്രവർത്തിക്കുന്നു.

പോരാട്ടം ആരംഭിക്കുന്നു.

പൂർണ്ണമായി വിശുദ്ധീകരിക്കപ്പെടുവാൻ നാം ആഗ്രഹിക്കുമ്പോൾ, ജഡികമനസ് ശുദ്ധീകരിക്കപ്പെട്ടു. പരിശുദ്ധാത്മാവിനാൽ നിറവ് പ്രാപിക്കേണം, നാം പഴയ മനുഷ്യൻ ആണെന്ന് സമ്മതിക്കേണം, നാം കർത്താവിനോടുകൂടെ ക്രൂശീകരിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ മനസാക്ഷി യഥാർത്ഥമായും ശുദ്ധമാണെന്ന് ദൈവം അറിയുമ്പോൾ നമ്മുടെ യാഗം അവിടുന്ന് അംഗീകരിക്കുന്നു. അപ്പോൾ പോരാട്ടം ആരംഭിക്കുന്നു. ജീവിതത്തിന്റെ ഞെരുക്കത്തിന്റെയും കഷ്ടതയുടെയും അനുഭവങ്ങളിലൂടെ നാം ചെയ്തെടുത്ത് ക്രിസ്തീയ അനുഭവങ്ങളും ഇടപെടലുകളുമുണ്ട്. ഒരിക്കൽ നാം അംഗീകരിച്ചു അനുസരിച്ചതാണ്, പഴയ മനുഷ്യൻ യഥാർത്ഥത്തിൽ ക്രൂശിക്കപ്പെട്ടു, ഒരു പുതിയ ഉൾവിളി സാത്താൻ പിന്നെയും ഉയർത്തി, സ്വയത്തിന്റെ പ്രകൃതിയും എല്ലാവിധ സ്വാധീനത്തോടുംകൂടി, പത്രൊസ് കർത്താവിനോട് പറയുന്നത് പോലെ, "കർത്താവേ നിനക്കു അങ്ങനെ ഭവിക്കരുതേ". നാം വളരെ ജാഗരൂകരായിരുന്നില്ലെങ്കിൽ സാത്താന്റെ തന്ത്രങ്ങൾക്ക് നാം വശംവദരായിത്തീരും. ഒരിക്കൽ ക്രൂശ് നല്ലത് എന്ന് കരുതിയവർ, അത് കർത്താവിന് പറ്റിയ ഒരു തെറ്റ് ആണ് എന്ന് സംശയിക്കും.

സിംപതി എന്നത് ഗ്രഹിക്കാൻ എളുപ്പം കഴിയാത്തതും, എപ്പോഴും ക്രിസ്തീയ ജീവിതത്തിൽ സാധാരണവും ഇത് ജഡത്തിന്റെ പ്രവൃത്തിയിൽ ഏകദേശം പെടുന്നതുമാണ്. യേശു പത്രൊസിനെ ശാസിച്ചു, നീ ജഡത്തിലുള്ളത് ചിന്തിക്കുന്നു, ദൈവത്തിൽ നിന്നുള്ളതല്ല. അവിടുത്തെ സിംഹാസനം ഒരു ക്രൂശാണ്. പക്ഷേ അതിൽ നിന്നും തിരിഞ്ഞു പോകുവാൻ പാടില്ല.

സാത്താൻ എപ്പോഴും നിങ്ങൾ ക്രൂശിലേക്കു പോകുന്നതിനെ തടയുന്നതിന് സാദ്ധ്യമായ എല്ലാ അടവുകളും പ്രയോഗിക്കും, സ്വയത്തെ ക്രൂശിക്കുവാൻ അവനിഷ്ടമില്ല. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പൂർണ്ണ സമർപ്പണത്തിനായി നിങ്ങളുടെ പഴയ മനുഷ്യനെ അഥവാ നിങ്ങളുടെ ജഡത്തെ മരണത്തിന് ഏല്പിക്കുമ്പോൾ, അതിന് സാദ്ധ്യമായ എല്ലാ എതിർപ്പുകളും അവൻ ചെയ്യും. യേശുവിനെ പരീക്ഷിച്ചതുപോലെ. അതിന് സാത്താന്റെ കൈവശം ചില പത്രൊസുമാരുണ്ട് പറയിക്കുവാൻ അല്ലെങ്കിൽ അവന്റെ സഹോദരനെ കൊണ്ട് പറയിക്കും, നിനക്ക് ഇത് സാദ്ധ്യമല്ല.

യാഗത്തെ കെട്ടുന്നു.

നിങ്ങൾ സമ്പൂർണ്ണമായി നിങ്ങളെ സമർപ്പിച്ച് നിത്യമായി മുന്നോട്ടുപോകാൻ തീരുമാനിച്ചാൽ, സാത്താൻ തന്റെ അടവിൽ മാറ്റം വരുത്തും. തീരുമാനങ്ങളിൽ അയവുവരുത്തും, പരീക്ഷ ഒരു ഒത്തു തീർപ്പായി മാറും. ഏകാഗ്രതയിൽ നിന്നും നമ്മെ തെറ്റിക്കും. ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവത്തിലേക്ക് നടത്തും. സങ്കീ. 118:27-ൽ കാണുന്നതു പോലെ യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗപശുവിനെ കയറുകൊണ്ട് കെട്ടുവിൻ. ഇത് ഒരു പിക്നിക് പോലയെല്ല. ക്രൂശീകരണ അനുഭവത്തിന്റെ ഗൗരവം കുറയുന്നു, ക്രിസ്തീയ ജീവിതം ആഴമില്ലാതെ ആയിത്തീരുന്നു. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായിത്തീരുന്ന എല്ലാ ജീവിതാനുഭവങ്ങളിൽ നിന്നും പിന്മാറുന്നു, നമുക്കുണ്ട്, കാവലില്ലാത്ത നിമിഷങ്ങൾ, ക്രൂശിൽ നിന്നും ഇറങ്ങി വരുന്നു.

എങ്ങനെയാണ് ഒരുവൻ ക്രൂശിൽ നിന്നും ഇറങ്ങി വരുന്നത്

ഒരു പക്ഷേ ഈ സമയം ചിലർ നമ്മോടു ചോദിക്കും, "ക്രൂശിൽ നിന്ന് ഇറങ്ങിവരിക എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്താണ് " എന്റെ ഉത്തരം ഇതാണ്. "സ്വയത്തെ സംരക്ഷിക്കുവാനുള്ള ഓരോ പ്രവർത്തിയും ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവമാണ്. ക്രിസ്തീയ തത്വങ്ങൾ കുറുക്കുകണ്ടെത്തുന്നതും ക്രൂശിൽ നിന്നും ഇറങ്ങി വന്നതിൽ ഉൾപ്പെടുന്നു. വ്യക്തമായും ശക്തമായും പറയാം. എല്ലാ ഒഴിവുകഴിവുകളും, ചെറുത്തുനില്പ്, സംരക്ഷണം, സ്വയത്തെ സംരക്ഷിക്കാനുള്ള എല്ലാ പ്രവൃത്തികളും യഥാർത്ഥത്തിൽ ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവങ്ങളാണ്.

എല്ലാ വെറുപ്പും ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവമാണ്. അമർഷം എന്നത് സ്വയം പ്രതിരോധം ആണ്. എന്നു പറഞ്ഞാൽ. നിങ്ങൾക്ക് തെറ്റായി തോന്നുന്നത്, വെറുപ്പായിത്തോന്നുന്നത്, നിങ്ങൾക്ക് ചെയ്യാൻ കഴികയില്ല.

പക എന്നത് ക്രൂശിൽ നിന്നും ഇറങ്ങി വരുന്നതിന് കാരണമാക്കുന്നു, പക എന്നത് ഒരു തരത്തിലുള്ള സ്വയം പ്രതിരോധമാണ്. സ്വയം പകയിൽ എന്തു പ്രതിഫലനങ്ങളാകുന്നു നമുക്കുണ്ടാകുന്നത്. മുഴുവൻ സഭകളും നശിച്ചുകൊണ്ടിരിക്കുന്നു. കാരണം പകയെ ചെറുക്കുവാൻ കഴിയാത വണ്ണം അതു വർദ്ധിച്ചു വരുന്നു. പക ക്രൂശിൽ നിന്നും ഇറങ്ങി വരുവാൻ കാരണമാകുന്നു.

ദൂഷണവും മറ്റുള്ളവരെ കുറ്റം ചുമത്തുവാൻ ശ്രമിക്കുന്നതും ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവമാണ്. ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുക എന്നത് പ്രയാസകരമാണ് എന്ന് നിങ്ങൾക്ക് അറിയാം. എത്ര എളുപ്പമാണ് മറ്റുള്ളവരെ ദുഷിക്കുക എന്നത്. ഇത് ഒരു തരം സ്വയം പ്രതിരോധമാണ്, ക്രൂശിൽ നിന്നും ഇറങ്ങി വരുന്നതുമായ അനുഭവമാണ്. ഒരുവൻ തെറ്റിദ്ധരിക്കപ്പെട്ടാൽ, അവൻ അതേ കാര്യം

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ക്രൂശ് കിരീടത്തിലേക്ക് നമ്മെ നടത്തുന്നു

ചെയ്യുന്നു. യേശു ചെയ്തതു പോലെ ചെയ്യുവാനുള്ള വിശ്വാസം നമുക്കില്ല. ദൈവത്തിന് നമ്മെത്തന്നെ സമർപ്പിക്കുക, വിശ്വസ്തനായ സൃഷ്ടാവിന്.

സ്വയനീതീകരണം അർത്ഥമാക്കുന്നത് നാം ക്രൂശിൽ നിന്നും ഇറങ്ങി വരുന്നു എന്ന അനുഭവമാണ്. സ്വയം പ്രതിരോധിക്ക എന്നത് ഒരു യഥാർത്ഥ കാര്യമായിരിക്കാം അഥവാ ഏറ്റവും ചെറിയ കാര്യമാവാം. അത് ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവമാണ്. ഏകദേശം, എല്ലാവരുമല്ല ഇഷ്ടപ്പെടാത്ത വിമർശനം ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന അനുഭവമാണ്. പക്ഷഭേദം എന്റെ ആത്മീക കൂട്ടായ്മയുടെ വഴിയല്ല, ബുദ്ധിപരമായും ആത്മാർത്ഥമായും വ്യക്തമായ പ്രതിഫലനം ഉണ്ടാകുന്ന നിലയിൽ പ്രവർത്തിക്കുന്നു എങ്കിൽ ഒരു ചെറിയ സ്വയത്തിന്റെ പ്രവർത്തനവുമാണ്. ഒരുവൻ വഴക്കിടുന്ന രീതിയിൽ ഒരു പ്രസ്ഥാവന നടത്തിയാൽ ഇത് സാധരണയായി ഉള്ള കാര്യമല്ലെങ്കിലും സഭകളിൽ സാധാരണ സംഭവമായിരിക്കുന്നു. അത് ഞങ്ങളുടെയിടയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്ന ഒന്നല്ല. ഒരു ചെറിയ കൂട്ടം രക്ഷിക്കപ്പെട്ടവരായി വിശുദ്ധീകരിക്കപ്പെട്ടവരായി ആത്മനിറവുള്ളവരായി ക്രൂ ശീകരണാനുഭവം ഉള്ളവരായി ഞങ്ങളുടെ മദ്ധ്യത്തിലായിരിക്കുന്നു.

ക്രൂശ് വിജയത്തിന്റെ രഹസ്യം

ഇവിടെയിതാ വിജയത്തിന്റെ രഹസ്യം. കഴിഞ്ഞു പോയ ഒരു സംഭവമല്ല, ഇന്ന്, ദിവസംതോറും ക്രൂശിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്നു. സാത്താന്റെ മേൽ ഒരു ശക്തി മാത്രമേയുള്ളൂ, അതാണ് കാൽവറി ക്രൂശ്. കാൽവറി ക്രൂശിൽ, ക്രൂശിനാൽ ക്രിസ്തു ക്രിസ്തു സാത്താന്റെ മേൽ ജയം കൊണ്ടാടി. ക്രൂശാണ് സാത്താന്റെ നിർവീര്യമാക്കുന്ന ശക്തി. അവിടെയാണ് സാത്താൻ പരാജയപ്പെട്ടത്. നാം ക്രൂശിൽ ആയിരിക്കുമ്പോൾ അവന് നമ്മെ തൊടുവാൻ സാദ്ധ്യമല്ല. ഒരേയൊരു ഭാഗം അതിനെ സാത്താന് തൊടുവാൻ കഴിയുകയില്ല, ആ ഭാഗം ക്രൂശിക്കപ്പെട്ടിരിക്കുന്നു, നാം ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ നിങ്ങളുടെ പുറകിലേക്ക് തിരിഞ്ഞു നോക്കിയാൽ, നിങ്ങൾ ക്രൂശിൽ നിന്നും ഇറങ്ങി വരുന്ന സമയമാണ് അവൻ നമ്മെ കീഴടക്കിയത്. നിങ്ങൾ ക്രൂശിൽ നിന്നും ഇറങ്ങി വന്ന സമയം അവൻ നമ്മെ പരാജയപ്പെടുത്തും. സാത്താൻ യേശുവിനോട് ക്രൂശിൽ നിന്നും ഇറങ്ങി വരുവാൻ ആവശ്യപ്പെട്ട സമയം യേശു അങ്ങനെ ചെയ്തിരുന്നു എങ്കിൽ യേശുവിനെ അവൻ കീഴ്പെടുത്തുമായിരുന്നു, അവൻ യേശുവിന്മേൽ ജയം കൊള്ളുമായിരുന്നു. നാം എപ്പോൾ ക്രൂശിൽ നിന്നും ഇറങ്ങി വരുമോ, ആ സമയം അവൻ നമ്മെ പരാജയപ്പെടുത്തും. സാത്താൻ നമ്മെ ക്രൂശിൽ നിന്നും ഇറങ്ങി വരുവാൻ നമ്മെ നിർബന്ധിക്കുമ്പോൾ സാത്താൻ നമ്മുടെ മേൽ സ്വന്തം ശക്തി പ്രയോഗിക്കുകയാണ്. നാം ക്രൂശിൽ ആയിരിക്കുമ്പോൾ സാത്താനു നമ്മുടെമേൽ ഒരധികാരവുമില്ല, എന്നാൽ ക്രൂശിൽ നിന്നും ഇറങ്ങിവരുമ്പോൾ അവൻ നമ്മെ പരാജയപ്പെടുത്തും. നാം ക്രൂശിനെ ഉപേക്ഷിച്ച് പോകുവോളം അവൻ നമ്മെ പരാജയപ്പെടുത്താൻ ശ്രമിച്ചു കൊണ്ടേയിരിക്കും.

നാം ക്രൂശിൽ നിന്നും ഇറങ്ങി വരുന്നു എങ്കിൽ, കാര്യങ്ങൾ നമ്മുടെ സ്വന്തം കയ്യിൽ ഇരിക്കുന്നു, സ്വന്ത ശക്തിയിൽ നാം ന്യായവിധിയെ നേരിടുന്നു, സ്വയത്തിൽ വീഴുന്നു, സ്വയനീതീകരണത്തിൽ, സ്വയം പ്രതിരോധത്തിൽ, ക്രൂശിൽ നിന്ന് ഇറങ്ങിപ്പോകുന്നതുവരെയും പരീക്ഷിക്കപ്പെടുന്നു, കഷ്ടപ്പെടുന്നു, മുഴുവൻ അനുഗ്രഹങ്ങളും നഷ്ടമാകുന്നു. എന്നാൽ ക്രൂശിൽ നില്പാൻ നാം പഠിക്കുമ്പോൾ നാം തുടർച്ചയായ വിജയം സാത്താന്റെമേൽ നാംപ്രാപിക്കും.

❖

ക്രൂശിന്റെ അർത്ഥം

By F.B.Meyer

“ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ”(ഫിലി. 2:5)

വിശ്വാസം എന്നത് വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള ബുദ്ധിപരമായ ഒരു അനുഭവമല്ല, ദൈവത്തിലുള്ള വ്യക്തിപരമായ ആശ്രയവും ഉറപ്പും ആണ്. എന്നാൽ വസ്തുതകൾക്ക് നിരക്കുന്നതുമാണ്. കർത്താവായ യേശുക്രിസ്തു കാൽവറി ക്രൂശിൽ നമുക്കുവേണ്ടി മരിച്ചു എന്ന വിശ്വാസത്താൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു, അവിടുന്ന് നമുക്കുവേണ്ടി മരിച്ചതിനാൽ നാം ആശ്രയിക്കുന്നു. ക്രിസ്തുവും നാമും തമ്മിലുള്ള ഒരു വ്യക്തിപരമായ സമീപനമാണ്. അവിടുത്തെ ജീവൻ നമ്മിൽ പകർന്നു. നമ്മ നല്ല വരും ആരോഗ്യമുള്ളവരാക്കുവാൻ മാത്രമല്ല നമ്മെ സംരക്ഷണ ചെയ്യുകയും ചെയ്യുന്നു.

നിങ്ങളുടെയും എന്റെയും ജീവിതത്തിൽ ക്രൂശു അർത്ഥമാക്കുന്നത് എന്ത്? കർത്താവായ യേശു പൂർണ്ണമായി തന്നെത്തന്നെ പിതാവിന്റെ ഇഷ്ടത്തിന് ഏല്പിച്ചുകൊടുത്തില്ല. താൻ സ്വയമേ എടുത്ത രൂപവും പ്രവൃത്തിയുടെ ഉറവയും അല്ല, എന്നാൽ ദൈവമുമ്പിൽ ഒരു ഒഴിഞ്ഞ ചാനലായി ഏല്പിച്ചുകൊടുത്തു,. അതിലൂടെ പകർന്നു നൽകി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. അവിടുന്നു തന്നെത്താൻ താഴ്ത്തി, പാതാളത്തോളം എത്തി, പിതാവിന്റെ ഇഷ്ടത്തിന് തന്നെ ഏല്പിച്ചുകൊടുത്തു; എന്നാൽ എത്ര തോളം താഴ്ത്തിയോ ആ ആഴങ്ങളിൽ നിന്നും ഉയർത്തി നിത്യസിംഹാസനത്തിൽ ഇരുത്തി.

നമ്മെ ബലപ്പെടുത്തുവാൻ അവിടുന്ന് ഏല്പിച്ചു കൊടുത്തു. നിങ്ങൾ പറഞ്ഞേക്കാം, “ഞാൻ ഒരു നല്ല പുരുഷനായി അല്ലെങ്കിൽ സ്ത്രീ ആയിത്തീർന്നിരിക്കുന്നു, ഒരു നല്ല ജീവിതം നയിക്കുവാൻ, എന്റെ ചീത്ത സ്വഭാവങ്ങളെ അകറ്റുവാൻ ഞാൻ എന്നെ സമർപ്പിക്കുന്നു. എന്നാൽ ഇതിന് ആ വഴിയിൽ പൂർത്തീകരിക്കുവാൻ കഴികയില്ല. ഇത് നാം നമ്മെത്തന്നെ കാണുവാൻ താല്പര്യപ്പെടുമ്പോൾ, നമ്മുടെ സ്വന്തം ഊർജ്ജം, നമ്മുടെ നല്ല മനസാക്ഷി മാത്രമല്ല നമ്മുടെ ചീത്ത സ്വഭാവവും നമ്മുടെ കർത്താവിന്റെ കാൽവറി ക്രൂശിൽ സമർപ്പിച്ചിട്ട്, ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ യോഗ്യരായി ജീവിച്ച് നിത്യ ജീവനെ പ്രാപിപ്പാനായി ഉത്സാഹിക്ക.

ഈ നിമിഷം ഞാൻ നിങ്ങളെ സ്നേഹത്തോടെ ക്ഷണിക്കുന്നത് ക്രൂശിന്റെ ചുവട്ടിൽ വന്ന് കാണുക,

ക്രിസ്തു നമ്മുടെ ജീവൻ

By F.J. Huegal

വിശ്വാസിയും രക്ഷകനും ഒന്നാണ്. യേശു പറഞ്ഞു, "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല" (യോഹ. 15:5). ഇത് അക്ഷരികമായി തന്നെ എടുക്കാവുന്നതാണ്, ഭാഷ ആലങ്കാരിക മെങ്കിലും.

കാൽവറിയുടെ വെളിച്ചത്തിൽ കാര്യങ്ങളെ വീക്ഷിക്കുമ്പോൾ ഒരു ഒഴിഞ്ഞ കല്ലറ, കർത്താവിന്റെ സ്വർഗ്ഗാരോഹണം , പെന്തെക്കോസ്തു, പ്രവേശനം, നൂറ്റാണ്ടുകളായി വിശ്വാസികൾ വിജയകരമായ ജീവിതം, ക്രിസ്തുവിന്റെ നിറവുകൾ, യഥാർത്ഥ പങ്കാളികളായി അപ്പോസ്തലനായ പൗലൂസിന്റെ പ്രഖ്യാപനം, ആത്മാവിൽ, കർത്താവായ യേശുക്രിസ്തുവിന്റെ മരണപുനരുദ്ധാനങ്ങൾ. വിശ്വാസികൾ കർത്താവിനോടു കൂടെ സ്വർഗ്ഗ സ്ഥലങ്ങളിൽ ഇരിക്കുന്നത് താൻ കണ്ടു. " കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു " (എഫെ. 2:4-7).

വിശ്വാസത്താൽ കൈവശമാക്കുക

ശ്വാസോച്ഛ്വാസം എത്ര സത്യമായിരിക്കുന്നുവോ അത്രത്തോളം വിജയം വിശ്വാസിയുടെ അവകാശമാണ്. എന്നിരുന്നാലും അതിന്റെ വ്യവസ്ഥകൾ അവൻ മനസ്സിലാക്കണം. അവൻ കർത്താവിനോടുകൂടെ സിംഹാസനസ്ഥനായിരിക്കുന്നു എന്ന് അവൻ അറിയേണം. ദൈവത്തിന്റെ വിശുദ്ധ വചനപ്രകാരം താൻ തന്നെതന്നെ കാണേണം, കർത്താവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു., മരിച്ചു അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അല്ലാതെയാണ് അവന്റെ യാത്രയെങ്കിൽ അവന്റെ പരിശ്രമങ്ങൾക്കു പകരം ദാരുണമായ പരാജയത്തിലേക്ക് കൂപ്പുകുത്തും. അവിടുത്തെ മരണപുനരുദ്ധാനങ്ങളിൽ പങ്കുകാരായി അനുഗ്രഹിക്കപ്പെട്ടവരായി നാം യാത്ര ചെയ്യുന്നു എങ്കിൽ അധികം അവൻ വിജയിക്കും. അവൻ സ്നേഹിക്കുന്ന തന്റെ കർത്താവിലൂടെ.

ദൈവം സത്യവാൻ എന്നതിന് ഞാൻ സാക്ഷി. എന്റെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു എന്ന് ഒരു വിശ്വാസി എന്ന നിലയിൽ കർത്താവ് പ്രഖ്യാപിക്കുന്നു (കൊലൊ. 3:3). എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കുന്നു, എല്ലാവരും മരിച്ച് ദൈവത്തിനായി ജീവിക്കുന്നു (2കൊരി. 5:14). വിശ്വാസികൾ ഉയിർത്തെഴുന്നേറ്റ് തങ്ങളുടെ പ്രതിനിധിയും തലയുമായ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തുകയും ചെയ്യുന്നു (എഫെ. 2:4-6).

എന്നാൽ ക്രിസ്ത്യാനികൾ പ്രധാനമായി ചിന്തിക്കപ്പെടുന്നത് അവർ സമൂഹത്തിൽ പരിഗണിക്കപ്പെടാത്തവർ എന്നാണ്. എന്നാൽ അവർ ദൈവകൃപയാൽ കരയുന്നരോടുകൂടെ കരയുന്നവർ മനുഷ്യത്വപരമായ ആവശ്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്നവർ, അതുകൊണ്ട് സമൂഹത്തിൽ മതിയായ സ്ഥാനമുണ്ട്. അവർ യേശുക്രിസ്തുവിനനുരൂപരായി ദൈവത്തിന്റെ സാക്ഷ്യം വഹിക്കുന്നവർ, നിത്യതയിലേക്ക് ഉറ്റുനോക്കുന്നവർ ആണ്.

യഥാർത്ഥത്തിൽ ഒരു വിരോധാഭാസം എന്നത് അവരുടെ ജീവിതം എളിമത്വത്തിൽ തുടരുന്നു എന്നതാണ്. അവരുടെ സ്വന്ത വഴിയിൽ യേശുവിനെപ്പോലെ ആയിത്തീരേണം എന്ന് ദൈവം ആഗ്രഹിക്കുന്നില്ല. അവിടുന്ന് അവരിൽ നിന്നും പ്രതീക്ഷിക്കുന്നത് അസാദ്ധ്യതകളെ സാദ്ധ്യമാക്കുന്നവരായിരിക്കണം. അവിടുന്ന് അവരിൽ നിന്നും പ്രതീക്ഷിക്കുന്നത് ക്രസ്തുവിനെ അവരുടെ ജീവിതത്തിലേക്ക് സ്വീകരിച്ച് മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക എന്നതാണ്. അവിടുന്ന് പ്രതീക്ഷിക്കുന്നത്, തങ്ങളുടെ നിലവാരം കാത്തു സൂക്ഷിച്ച്, ക്രിസ്തുവിനോട് ചേർന്ന്, അവിടുന്ന് അവർക്കായി നൽകിയ ആത്മീയ അനുഗ്രഹങ്ങളെ പ്രാപിച്ച് അനേകരിലേക്ക് അതിനെ പകർന്നു കൊടുക്കാനും ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ❖

(11-ാം പേജിന്റെ തുടർച്ച)

ക്രൂശിന്റെ അർത്ഥം

അവിടെ ഒരുവൻ തന്നെത്താൻ സമർപ്പിച്ചവർ, അതു മാത്രമല്ല, ഞാൻ നിങ്ങളെ കാണിക്കുവാനാഗ്രഹിക്കുന്നത്, സ്വയം ജീവിതം ആണികളാൽ തറയ്ക്കപ്പെട്ടിരിക്കുന്നു, ദൈവത്തിലേക്ക് തിരിഞ്ഞ് ആരാധനയിൽ പറയുന്നു, അവിടുന്ന് സ്വന്തം നിന്ദയെ അലക്ഷ്യമാക്കി, നമ്മുടെ നന്മക്കു വേണ്ടി, തന്റെ ജീവനെ നൽകി, മരണത്തെയും പാതാളത്തെയും ജയിച്ച് ജയോത്സവം കൊണ്ടാടി. നാം ക്ഷീണിച്ചിരിക്കുമ്പോൾ തന്നെ ശക്തരാകുന്നു, ഞങ്ങൾ തങ്ങളെത്തന്നെ ക്രൂശിന്റെ ശക്തിക്കു മുന്നിൽ സമർപ്പിക്കുമ്പോൾ, അതായത് യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എങ്കിൽ അവിടുത്തെ നിത്യവിജയത്തിൽ പങ്കുകാരായി ശത്രുവിന്റെ മേലും അവന്റെ ശക്തിയുടെ മേലും ആത്യന്തിക വിജയം നാം നേടും.

പ്രിയദൈവജനമേ, അവിടുന്നു പുത്രനെ ഞങ്ങൾക്ക് വെളിപ്പെടുത്തിയിരിക്കുന്നു, യേശുക്രിസ്തു ഞങ്ങളുടെ കർത്താവ്. ഞങ്ങൾ അവിടുത്തെ സ്നേഹിക്കുന്നു, കാരണം അവിടുന്ന് ക്രൂശിനെ സഹിച്ചു, ഞങ്ങൾ രക്ഷിക്കപ്പെടേണ്ടതിന് നിന്ദയെ അലക്ഷ്യമാക്കി. ക്രൂശിന്റെ വഴിയിലൂടെ ഞങ്ങൾ പോകട്ടെ, അവിടുത്തെ വചനം ഞങ്ങൾ കേൾക്കട്ടെ, അവിടുന്ന് സഹിച്ച വേദനകൾ ഞങ്ങൾ പങ്കുവയ്ക്കട്ടെ, മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു, ഞങ്ങളും ജീവിക്കും, അവിടുത്തോടുകൂടെ വാഴും. സന്തോഷത്തോടെ യുഗായുഗം. ആമേൻ. ❖

ഇമ്മാനുവേൽ നമ്മുടെ പ്രകൃതിയിൽ ദൈവം നമ്മോടുകൂടെ നമ്മുടെ ദു:ഖത്തിൽ, നമ്മുടെ ജീവിത പ്രവൃത്തികളിൽ, നമ്മുടെ ശിക്ഷകളിൽ, നമ്മുടെ കല്ലറയിൽ, ഇപ്പോൾ നമ്മോടുകൂടെ, അഥവാ അവിടുത്തോടുകൂടെ, ഉയിർത്തെഴുന്നേല്പിൻ, സ്വർഗ്ഗാരോഹണത്തിൽ, വിജയങ്ങളിൽ, തന്റെ മഹത്വപ്രത്യക്ഷതയിൽ

Charles H. Spurgeon